കേരള

# പ്രൈവററ് കോളേജ് ടീച്ചർ

''അധ്യാപക തസ്തികയെ വിററഴിക്കുന്ന സൂപ്പർമാർക്കററായി വിദ്യയുടെ ക്ഷേത്രങ്ങളെ മാററിയിരിക്കുന്നു.''

—എസ്. എൻ. ട്രസ്ററ് കേസിൽ ഹൈകോടതി വിധി.

''The Capitation fee brings to the fore a clear class basis...... A poor student with better merit cannot get admission because he has no money whereas the rich can purchase the admission. Such a treatment is patently unreasonable, unfair and unfit.''

—SUPREME COURT

No: 106

ആഗസ്ററ് 1992

# മാമ്മൻവർക്കി സിൻഡിക്കേററിൽ

കേരള സർവ്വകലാശാലാ സിൻഡിക്കേററിലേയ്ക്ക് ആഗസ്ററ് 24നം നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എകെപിസിടിഎ സ്ഥാനാർത്ഥി പ്രൊഫ. മാമ്മൻ വർക്കി (ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര) വൻഭൂരിപക്ഷത്തിൽവിജയിച്ചു. മൊത്തം പോൾചെയ്ത 97 വോട്ടുകളിൽ 53 വോട്ട് പ്രൊഫ. മാമ്മൻ വർക്കിക്ക് ലഭിച്ചു. എതിർത്ത പിസിടിഎ സ്ഥാനാർത്ഥിക്ക് 40 വോട്ടാണ് ലഭിച്ചത്. നാല് വോട്ട് അസാധുവായി.

ഗവൺമെൻറ് മെഷിനറി ദുരുപയോഗം ചെയ്ത് എതിർഭാഗം വോട്ടു പിടിച്ചിട്ടും എകെപിസിടിഎ സ്ഥാനാർത്ഥിയ്ക്ക് വൻ ഭൂരിപക്ഷം ലഭിച്ചു.


കേരള പ്രൈവററ് കോളേജ് ടീച്ചർ

എകെപിസിടിഎ മുഖപത്രം

ആഗസ്ററ്
1992

നമ്പർ. 106

പത്രാധിപസമിതി

എഡിററർ :
വി. എൻ. മുരളി

മാനേജിംഗ് എഡിററർ :
കെ. പി ദിവാകരൻ നായർ

അംഗങ്ങൾ :
ജോർജ് സെബാസ്ററ്യൻ
ടി. എൻ. രാമൻപിള്ള
പി. ജി. ചന്ദ്രശേഖരൻ നായർ
സി. ജെ. ശിവശങ്കരൻ
ഡോ. കെ. ബി. പവിത്രൻ
ജോർജ്
ഡോ. രാജേന്ദ്രൻ
ജോണി കെ. ജോൺ


## ജേർണൽ വരിസംഖ്യ

ജേർണൽ വരിസംഖ്യ ഉടൻതന്നെ മാനേജിംഗ് എഡിററർക്ക് ഡി.ഡി.ആയി അയയ്ക്കുക.

കെ. പി. ദിവാകരൻ നായർ
അശ്വതി
എൽ.ഐ.സി. ലയിൻ 'ബി'
പട്ടം, തിരുവനന്തപുരം.

## വാർത്തകൾ

ജില്ലകളിൽനിന്നും ബ്രാഞ്ചുകളിൽനിന്നും വാർത്തകൾ അയയ്ക്കുക. അധ്യാപകരുടെ കലാസൃഷ്ടികളും വേണം.

വി. എൻ. മുരളി
വസന്തം
ചെമ്പകശേരി നഗർ
കേശവദാസപുരം
തിരുവനന്തപുരം

# അഴിമതിക്കൂടാരങ്ങളെ ഞെട്ടിച്ച വിധി

ഒന്നല്ല, രണ്ടു സുപ്രധാന കോടതിവിധി കഠം അടുത്തടുത്തുണ്ടായതു് കേട്ട് സ്വകാര്യ വിദ്യാഭ്യാസരംഗത്തെ അഴിമതികൂടാരങ്ങഠം ഞെട്ടിയിട്ടുണ്ടാകണം. കർണ്ണാടകത്തിൽ ട്യൂഷൻ ഫീസെന്ന വ്യാജേന വൻതോതിൽ കോഴവാങ്ങാൻ സർക്കാർതന്നെ ഉണ്ടാക്കിയ നിയമം റദ്ദു ചെയ്തുകൊണ്ടുള്ളതാണ് സുപ്രീംകോടതി വിധി. അധ്യാപകനിയമനത്തിനും വിദ്യാർത്ഥിപ്രവേശനത്തിനും എസ്. എൻ. ട്രസ്ററ് ലക്ഷക്കണക്കിനു രൂപ കോഴവാങ്ങിയതിനെതിരേയാണ് കേരള ഹൈക്കോടതിയുടെ അതിപ്രധാനമായ വിധി. (രണ്ടുവിധികളുടെയും വിശദവിവരങ്ങഠം തുടർന്നുള്ള പേജുകളിലുണ്ട്.)

ഇന്ത്യൻ വിദ്യാഭ്യാസം വലിയൊരു കച്ചവടച്ചരക്കായി മാറിയിട്ട് കാലം കുറെ ആയി. ഈ രംഗത്ത് അഴിമതി ഏതാണ്ടൊരു വ്യവസ്ഥ പോലെ ആയിട്ടുണ്ട്. ഈ അഴിമതി അവസാനിപ്പിക്കാൻ ബാധ്യതയുള്ള കേന്ദ്ര—സംസ്ഥാന സർക്കാരുകഠം അതിനു തയ്യാറാകുന്നില്ലെന്നു മാത്രമല്ല, സ്വകാര്യരംഗത്തെ തലവരി പോലുള്ള ദുഷ്പ്രവണതകഠം സർക്കാർരംഗത്തേയ്ക്കും കൊണ്ടുവരാൻ ശ്രമം നടത്തുകയാണ്. അപ്പോഴാണ് ഏവർക്കും ഒരു മുന്നറിയിപ്പു പോലെ ഈ വിധികഠം വന്നിരിക്കുന്നത്.

സുപ്രീം കോടതി വിധി പറയുന്നു: ക്യാപ്പിറേറഷൻ ഫീസ് ജനങ്ങളെ പണക്കാരെന്നും ദരിദ്രരെന്നും രണ്ടുവർഗ്ഗമായിത്തിരിക്കുന്നു. പണമുള്ളവന് പ്രവേശനം കിട്ടുമ്പോഠം ദരിദ്രൻ മാറി നിൽക്കേണ്ടിവരുന്നു. മിടുക്കനായ വിദ്യാർത്ഥി ദരിദ്രനായാൽ പ്രവേശനം കിട്ടില്ല. പണക്കാരന് പ്രവേശനം വിലയ്ക്കു വാങ്ങാം.' ഇത്തരമൊരു വേർതിരിവ് യാതൊരു യുക്തിക്കും ചേരുന്നതല്ല. മാത്രമല്ല വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം പൗരന് ഭരണഘടനാദത്തമാണെന്ന് സുപ്രീംകോടതി ഓർമ്മിപ്പിക്കുന്നു:

"അതിനാൽ വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ടതാണ്. പൗരൻമാരുടെ സൗകര്യത്തിനായി എല്ലാതലത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങഠം ഏർപ്പെടുത്താൻ ഭരണകൂടം ഭരണഘടനാപരമായി ബാധ്യസ്ഥമാണ്. പൗരൻമാർക്ക് ഏററവും അനുയോജ്യമായ നിലയിലാണ് വിദ്യാലയങ്ങഠം നടത്തപ്പെടേണ്ടത്. സമൂഹത്തിലെ സമ്പന്നവിഭാഗങ്ങഠംക്കു മാത്രമായി വിദ്യാഭ്യാസം നേടാനുള്ള അവസരങ്ങഠം പരിമിതപ്പെടുത്തരുത്." കോടതിയുടെ ഈകാഴ്ചപ്പാടിൽനിന്നും എത്രയോകാതം അകലെയാണ് നമ്മുടെ സർക്കാരുകഠം. പണമുള്ളവൻ പഠിച്ചാൽമതി എന്ന കാട്ടു നീതി സ്ഥാപിച്ചെടുക്കാനാണ് അവരുടെ വ്യഗ്രത. പണം കൊടുത്ത് അഡ്മിഷൻ നേടുന്നവർ പണം കൊണ്ടുതന്നെ ഡിഗ്രിയും വാങ്ങാൻ അവരുടെ സമ്പത്തിൻെറ സ്വാധീനം വ്യാപിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ ഇന്നു നിലനില്ക്കുന്ന വിദ്യാഭ്യാസരീതിയും അത് ജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ള ചേരിതിരിവും അറിഞ്ഞുകൊണ്ടുതന്നെയാണ് സുപ്രീംകോടതി വിധി പ്രസ്താവിച്ചിരിക്കുന്നത്.

എസ്. എൻ. ട്രസ്ററു കേസിൽ കേരള ഹൈക്കോടതിയുടെ വിധി എല്ലാ മാനേജുമെൻറുകഠംക്കും ബാധകമാക്കേണ്ടതാണ്. അത്രമാത്രം അഴിമതിയാണ് അവരെല്ലാം നടത്തുന്നത്.

മാനേജുമെൻറുകചാട്ടയിലെ അഡ്മിഷൻ മെറിററിൽത്തന്നെനടത്തണമെന്ന് എസ്.എൻ.ട്രസ്ററുകേസിന് അനുബന്ധമായി ഹൈകോടതി പറഞ്ഞിരിക്കുന്നതും പരമപ്രധാനമാണ്. ഇതും എല്ലാമാനേജുമെൻറുകളെക്കൊണ്ടും നടപ്പിലാക്കിക്കണം.

വിദ്യാഭ്യാസരംഗത്തുനിന്നും അഴിമതി മാററിയെടുക്കാനുള്ള സമരം ഈ വിധികളുടെ പശ്ചാത്തലത്തിൽ പൂർവ്വാധികം ശക്തമാക്കേണ്ടതുണ്ട്. സമൂഹത്തിലുയർന്നുവരുന്ന സമരങ്ങളുടെ സ്വാധീനം എല്ലാമണ്ഡലത്തിലുമുണ്ടാകും. ഓരോ കോളേജിലും അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും സംഘടിതപ്രസ്ഥാനങ്ങൾ യോജിച്ചുനിന്നു കൊണ്ട് അഴിമതിക്കെതിരേ സമരം നടത്തണം. അതിനുള്ള സമയമാണിത്. എ കെ പി സി ടി എ പ്രവർത്തകർ ഈ സമരത്തിൻെറ മുന്നണിപ്പോരാളികളായി ഇറങ്ങുക. □

# നാണംകെട്ട യൂണിവേഴ്സിററി

**കേ**രള യൂണിവേഴ്സിററിയുടെ കഴിഞ്ഞ ഡിഗ്രിപരീക്ഷകളുടെ ഫലം വൈകുന്നതിനു കാരണം അധ്യാപകർ പേപ്പർ നോക്കി കൊടുക്കാത്തതാണെന്നു പ്രസ്താവന കൊടുത്ത കേരളയൂണിവേഴ്സിററിയെപ്പററി എന്തു പറയാനാണ്! സ്വന്തം തെററു മറച്ചുവച്ച് മററുള്ളവരെ കുററപ്പെടുത്തുന്ന പതിവ് യൂണിവേഴ്സിററി സ്ഥിരം വച്ചു നടത്തുന്ന ഏർപ്പാടാണ്. എന്നാലും ഇത്രവലിയ ചർമ്മബലം ആകാമോ!

ഡിഗ്രിപരീക്ഷകൾ ഏപ്രിൽമാസംകഴിഞ്ഞതാണ്. എന്നാൽ പരീക്ഷാപേപ്പറുകൾ മാസങ്ങളോളം യൂണിവേഴ്സിററിയിൽ പൊടിപിടിച്ചു കിടന്നു. മെയ്, ജൂൺ, ജൂലൈ മധ്യംവരെ യാതൊരനക്കവുമുണ്ടായില്ല. ഇതറിഞ്ഞ വിദ്യാർത്ഥികൾ അവിടെച്ചെന്ന് ബഹളം വച്ചപ്പോഴാണ് പേപ്പർ നോട്ടത്തിനയയ്ക്കേണ്ട കാര്യം യൂണിവേഴ്സിററി ഓർത്തത്! ജൂലൈ അവസാനം കിട്ടിയ പേപ്പർ കോളേജിലെ ജോലിക്കിടയിലും ഉത്തരവാദിത്വത്തോടെ നോക്കിക്കൊടുക്കാൻ അധ്യാപകർ തയ്യാറായി. ആരോ അല്പം താമസിച്ചുപോയി. എന്ന മഹാപരാധത്തിന്മേലാണ് പത്രത്തിൽ പെരുമ്പറ മുഴക്കിയിരിക്കുന്നത്. പോലീസ് സഹായം തേടുമെന്നൊക്കെയാണ്. ആടിനെപട്ടിയാക്കുന്ന ഈ ഏർപ്പാട് യൂണിവേഴ്സിററി അവസാനിപ്പിക്കണം. □

# എസ്. എൻ. ട്രസ്റ്റ് അഴിമതിയുടെ വിളനിലമാക്കി

**(എസ്. എൻ. ട്രസ്റ്റ് കേസിൽ ജില്ലാകോടതിയുടെ വിധി ചില ഭേദഗതികളോടെ ശരിവച്ചുകൊണ്ട് ഹൈക്കോടതി പുറപ്പെടുവിച്ച സുപ്രധാനവിധിയുടെ പ്രസക്ത ഭാഗങ്ങളാണ് താഴെ കൊടുക്കുന്നത്. കേരളകൗമുദി ദിനപത്രം റിപ്പോർട്ടു ചെയ്തത്.)**

വിദ്യാർത്ഥി പ്രവേശനത്തിനും അദ്ധ്യാപക നിയമനങ്ങൾക്കും വൻതുകകൾ വാങ്ങി വ്യാജപേരുകളിൽ അവ ട്രസ്റ്റ് അക്കൗണ്ടിൽ വരവ് വച്ച | നിയമവിരുദ്ധമായ നടപടികൾക്ക് സെക്രട്ടറി എം. കെ. രാഘവന് മാത്രമാത്രമല്ല, ട്രസ്റ്റ് ബോർഡ് അംഗങ്ങൾക്ക് മുഴുവൻ പങ്കുണ്ടെന്ന് ഹൈക്കോടതി കുറ്റപ്പെടുത്തി. നിയമവിരുദ്ധമായി സ്വീകരിച്ച ഇത്തരം സംഭാവനകളാണ് ട്രസ്റ്റിന്റെ മുഖ്യവരുമാനമാർഗ്ഗം എന്നതിനാൽ ഈ വിശ്വാസവഞ്ചനയ്ക്കു ഓരോ ട്രസ്റ്റിയും ഉത്തരം പറയേണ്ടതുണ്ടെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി ട്രസ്റ്റിൽ വമ്പിച്ച വികസനപരിപാടികൾ നടന്നു വരുമ്പോൾ, അതിനുള്ള വരുമാനമാർഗ്ഗം എന്താണെന്ന് കണ്ടെത്താൻ ഓരോ ട്രസ്റ്റീയും ജാഗ്രത പാലിക്കേണ്ടതായിരുന്നു. ഈ സാഹചര്യത്തിൽ ഇത്തരത്തിൽ ധനസമാഹരണം നടത്തിവന്നത് എക്സിക്യുട്ടീവ് കമ്മറ്റിയിലേത് ഉൾപ്പെടെ ബോർഡിലെ മുഴുവൻ അംഗങ്ങളുടെയും അറിവോടെയും അനുഗ്രഹാശിസുകളോടെയും ആയിരുന്നു. എന്ന നിഗമനത്തിലാണ് കോടതി എത്തുന്നതെന്നും വിധിയിൽ തുടർന്നു പറഞ്ഞു. ഇപ്പോൾ എം. കെ. രാഘവനെ എതിർക്കുന്നവരും ഇക്കൂട്ടത്തിൽപ്പെടുന്നു. ട്രസ്റ്റ് പ്രസിഡന്റ് സ്ഥാനത്തുനിന്നുള്ള എം. എ. ഉണ്ണീരീകുട്ടിയുടെ രാജിയും ഈ വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

സംഭാവനയായി സ്വീകരിച്ച തുകകൾ ഗുണ്ടുറാവു, ബ്രഹ്മാനന്ദ റെഡ്ഡി, നാഗറെഡ്ഡി എന്നിങ്ങനെയുള്ള വ്യാജനാമങ്ങളിലാണ് വരവു വച്ചിട്ടുള്ളത്. കണക്കിലെ ഈ കൃത്രിമത്തെപ്പറ്റിമറ്റു ട്രസ്റ്റുകളിൽ ആർക്കും തന്നെ അറിയില്ലായിരുന്നു എന്നു വിശ്വസിക്കുവാൻ പ്രയാസമുണ്ട്–ഡിവിഷൻ ബഞ്ച തുടർന്നു: ഇത്തരം കണക്കുകൾക്കെതിരിയായി അവരാരുംതന്നെ ചെറുവിരൽപോലും ഉയർത്തിയിട്ടില്ല.

എസ്. എൻ. ഡി. പി. യോഗമാണ് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചതെന്ന് ഓർക്കേണ്ടതുണ്ട്. തിരുവിതാംകൂർ മഹാരാജാവിൽനിന്ന് പാട്ടത്തിനു കൊല്ലത്തുകിട്ടിയ 27 ഏക്കർ 10സെന്റ് സ്ഥലത്തു യോഗമാണ് എസ്. എൻ. കോളേജും എസ. എൻ. വനിതാ കോളേജും ആരംഭിച്ചത്. പിന്നീടാണ് കോളേജുകളുടെ നടത്തിപ്പിനും വികസനത്തിനുമായി എസ്. എൻ. ട്രസ്റ്റിനു യോഗം രൂപംനൽകിയത്. ആളുകൾക്ക്, വിശേഷിച്ച് പിന്നോക്ക വിഭാഗങ്ങളിൽപെട്ടവർക്ക് വിദ്യാഭ്യാസം നൽകുക. "വിദ്യകൊണ്ട് സ്വതന്ത്രരാകുക", എന്ന ശ്രീനാരായണ ഗുരുവിന്റെ ഉദ്ബോധനം പ്രചരിപ്പിക്കുക എന്നിങ്ങനെയുള്ള യോഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായിട്ടാണ് ഈ സ്ഥാപനങ്ങൾ നിലവിൽ വന്നത്. ഇതുവഴി ഈഴവ സമുദായം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട് എന്നത് ശരിതന്നെ. ഈഴവാദി പിന്നോക്ക സമുദായങ്ങളിൽ നിന്ന് ഒരുപിടി അരിയും ഒരു തേങ്ങയും എന്ന തോതിൽ സംഭാവന പിരിച്ചിട്ടാണ് ഈ സ്ഥാപനം തുടങ്ങിയതെന്ന് ഓർക്കണം. അധഃസ്ഥിത ജനവിഭാഗങ്ങളുടെ വിയർപ്പും പണവുംകൊണ്ട് പടുത്തുയർത്തിയ ഈ സ്ഥാപനം ഇപ്പോൾ സ്വസ

മുടായ അംഗങ്ങളെത്തന്നെ ചൂഷണം ചെയ്യുകയും ഉദ്യോഗനിയമനങ്ങൾക്ക് അവരിൽ നിന്ന് വൻതുക സംഭാവന വാങ്ങുകയുമാണെന്നത് തീർച്ചയായും അത്യന്തം ദുഃഖകരമായ സംഗതിയാണ്-ഹൈക്കോടതി തുടർന്നു.

ഈഴവ സമുദായാംഗങ്ങളിൽ നിന്നു മാത്രമേ സംഭാവനകൾ സ്വീകരിക്കുന്നുള്ളു എന്നാണ് വാദം. പാവപ്പെട്ടവരും സാധാരണക്കാരുമായ സമുദായാംഗങ്ങൾ ട്രസ്റ്റിൽ അർപ്പിച്ച വിശ്വാസത്തെ ട്രസ്റ്റികൾ വഞ്ചിച്ചിരിക്കുകയാണ് ഇതിലൂടെ-വിധിയിൽ നിശിതമായ ഭാഷയിൽ കുററപ്പെടുത്തുന്നു.

സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ട്രസ്ററിൻെറ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ പ്രവേശനവും നിയമനങ്ങളും വളരെ കുററകരമായ രീതിയിലാണ് നടക്കുന്നതായി കാണുന്നതെന്ന് ഖേദത്തോടെ ചൂണ്ടിക്കാട്ടേണ്ടിവന്ന വേദനാജനകമായ കർത്തവ്യമാണ് കോടതിക്കു ഉണ്ടായിരിക്കുന്നതെന്ന് വിധിയിൽ എടുത്തു പറയുന്നു. ചെയ്തു കിട്ടിയ ഉപകാരങ്ങൾക്ക് എന്ന പേരിൽ സംഭാവനകൾ സ്വീകരിച്ചാണ് നിയമനങ്ങളും വിദ്യാർത്ഥി പ്രവേശനങ്ങളും എന്നാണ് ആരോപണം. ട്രസ്ററിൻെറ പേരിൽ ഇടുന്നതിനു പകരം ഈ തുകകൾ മൂന്നു അക്കൗണ്ടുകളിലായി സെക്രട്ടറിയുടെ പേരിലാണ് നിക്ഷേപിച്ചിരിക്കുന്നതെന്നാണ് കീഴ്ക്കോടതി മുൻപാകെയുള്ള വിവാദം. ഇത്തരം തുകകൾ മുൻപെല്ലാം സെക്രട്ടറി ബാങ്കിൽ ഇടാതെ സ്വന്തം കൈയിൽ വയ്ക്കുകയായിരുന്നു. എന്നും താൻ സെക്രട്ടറിയായതിനാൽ പിന്നീടാണ് പണം ബാങ്കിൽ നിക്ഷേപിച്ചു തുടങ്ങിയതെന്നുമാണ് എം. കെ. രാഘവൻെറ വിശദീകരണം. സർക്കാരിൽ നിന്നുള്ള എയ്ഡ് വാങ്ങി നടത്തുന്ന സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനത്തിനും നിയമനങ്ങൾക്കുമാണ് ഇപ്രകാരം തുകകൾ വാങ്ങുന്നതെന്ന് ഓർക്കണം.

എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്റ്റാഫിന് നേരിട്ടു സർക്കാരിൽ നിന്ന് ശമ്പളം നൽകുന്ന സമ്പ്രദായം 1977-ൽ നിലവിൽ വന്നതാണ്. ട്രസ്ററിന് കീഴിലുള്ള കോളേജുകൾ ഈ സമ്പ്രദായമാണ് സ്വീകരിച്ചിട്ടുള്ളത്. ട്രസ്ററ് ഇത് സംബന്ധിച്ച് സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഇനങ്ങളിൽ ഒഴികെ മറെറാരു ഫീസും വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കാവുന്നതല്ല. കരാറിൽ പറഞ്ഞിട്ടുള്ള ഫീസ് പിരിച്ച് ട്രസ്ററ് ട്രഷറിയിൽ അടയ്ക്കുകയും വേണം. അങ്ങനെ വരുമ്പോൾ കരാറിൽ അധികാരപ്പെടുത്തിയിട്ടുള്ളതൊഴിച്ച് മറെറാരു തുകയും വിദ്യാർത്ഥികളിൽ നിന്ന് ട്രസ്ററിന് ഈടാക്കാവുന്നതല്ല. അദ്ധ്യാപക നിയമന കാര്യത്തിലും കരാറിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. ഇതിനായി ഒരു കമ്മിററി വേണമെന്നതാണ് വ്യവസ്ഥ. ഒന്നിടവിട്ട ഒഴിവുകളിൽ സമുദായാംഗങ്ങളിൽ നിന്ന് മെരിററ് അടിസ്ഥാനത്തിലും ശേഷിക്കുന്ന അൻപതു ശതമാനം ഒഴിവുകളിൽ പൊതു മെരിററിൻെറ അടിസ്ഥാനത്തിലും നിയമനം നൽകണമെന്നും വ്യവസ്ഥയുണ്ട്. സംഭാവനയുടെ രൂപത്തിൽ തുക വാങ്ങിയാണ് അദ്ധ്യാപക നിയമനങ്ങൾ നടക്കുന്നതെന്ന് ഇരുവിഭാഗം കക്ഷികളും സമ്മതിക്കുന്നു. 1990 വരെ ജൂനിയർ ലെക്ചറർ നിയമനത്തിനു 50000 രൂപ വാങ്ങുന്നതിനാണ് എക്സിക്യൂട്ടീവ് കമ്മിററി തീരുമാനിച്ചിരുന്നതെന്നാണ് എം. കെ. രാഘവൻ പറയുന്നത്. അതിൽ പിന്നീട് തുക 70000 രൂപയാക്കിയെന്നും ഉദ്യോഗാർത്ഥികൾ ഓരോരുത്തരും അപേക്ഷയോടൊപ്പംതന്നെ 70000രൂപ സെക്രട്ടറിക്കു നൽകിയിരിക്കണമെന്നുമത്രെ വ്യവസ്ഥ. നിയമനം ലഭിക്കുന്നവർ നൽകിയിരുന്ന തുക ട്രസ്ററ് അക്കൗണ്ടിൽ വരവു വയ്ക്കുകയും നിയമനം ലഭിക്കാതെ പോകുന്നവരുടെ തുക തിരിച്ചു നൽകുകയുമാണ് പതിവെന്നും പറയുന്നു.

കഴിഞ്ഞ സെലക്ഷനിൽ നാല് ഒഴിവുകളിലേക്ക് 34 അപേക്ഷകരിൽ നിന്നുംഇപ്രകാരം 70000 രൂപ വീതം വാങ്ങിയതായി സെക്രട്ടറി സമ്മതിക്കുന്നു.

ഈ തുകകൾ ബാങ്ക് ഓഫ് ഇന്ത്യയിലും പഞ്ചാബ് നാഷണൽ ബാങ്കിലും സെൻട്രൽ ബാങ്ക് ഒഫ് ഇന്ത്യയിലുമുള്ള അക്കൗണ്ടുകളിൽ സെക്രട്ടറി സ്വന്തം പേരിൽ നിക്ഷേപിച്ചു. 1986-87 മുതൽ 1989-90 വരെ കാലയളവിൽ

സംഭാവനയായി 85 ലക്ഷം രൂപയാണ് ലഭിച്ചിട്ടുള്ളതെന്നാണ് എതിർഭാഗം പറയുന്നത്.

"ഉപകാരങ്ങൾ ചെയ്തു കൊടുക്കുന്നതിന്" എന്നതുകൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് കോടതി ആരാഞ്ഞപ്പോൾ രാഘവൻ പറഞ്ഞത് ഇതാണ്. പ്രവേശനത്തിനും നിയമനത്തിനുമായി വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും പകരമായി സ്വീകരിക്കുന്ന തുകയാണിത്. ഇവ വ്യാജ പേരുകളിൽ അക്കൗണ്ടിൽ വരവ് വെയ്ക്കുകയാണ് ചെയ്തത്. നിയമനങ്ങൾക്കും പ്രവേശനത്തിനും ട്രസ്ററ് നിയമവിരുദ്ധമായി വാങ്ങുന്ന പ്രതിഫലമാണിപ്പറയുന്ന സംഭാവനകൾ എന്ന് കോടതി ചൂണ്ടിക്കാട്ടി.

ഒരു സൈഫുദ്ദീൻ സാഹിബിൻെറ പേരിൽ 1988 ആഗസ്ററ് 22 നു സംഭാവനയായി ചേർത്തിട്ടുള്ള 4,80,000 രൂപയെപ്പററി കോടതി ആരാഞ്ഞപ്പോൾ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ മുപ്പത് ബി.എഡ് സീററുകൾക്ക് പകരമായി ലഭിച്ചതാണി തുകയെന്നാണ് സെക്രട്ടറിയുടെ വിശദീകരണം. ബി.എഡ്. പ്രവേശനം മൊത്തമായി വില്പന നടത്തുകയാണ് ചെയ്യുന്നതെന്നാണിത് കാണിക്കുന്നതെന്ന് കോടതി അഭിപ്രായപ്പെട്ടു. മൊത്തക്കച്ചവടക്കാരന് ചരക്ക്-വിദ്യാഭ്യാസ സ്ഥാപനത്തിലെ സീററുകൾ-വിററഴിക്കുന്നതിന് ചില്ലറ വില്പനക്കാരനുമുണ്ടായിരിക്കുമെന്നതിൽ സംശയമില്ല.

തുക കൈപ്പററുന്നതിന് നാല് ന്യായീകരണങ്ങളാണ് രാഘവൻ വയ്ക്കുന്നത. തുകസ്വമേധയാ ആളുകൾ നൽകുന്നതാണെന്നും സംഭാവന സ്വീകരിക്കാതെ ട്രസ്ററിന് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുവാനാവില്ലെന്നും സംഭാവന നൽകി ഉദ്യോഗം നേടിയവർക്ക് പ്രതിമാസം മാന്യമായ ശമ്പളവും മററാനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്നും, ഈ കാലയളവിൽ ട്രസ്ററിന് ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നുമാണ് ആ ന്യായീകരണങ്ങൾ

കോടതിക്ക് ഇവയൊന്നും തെല്ലും ബോദ്ധ്യപ്പെടുന്നില്ലെന്ന് വിധിയിൽ പറഞ്ഞു. ഈ നിയമനിധിയെ ജുഡിഷ്യൽ മനഃസാക്ഷിക്ക് ഞെട്ടലുളവാക്കുന്നതാണ്. ആളുകൾ സ്വമേധയാ നൽകുന്ന പണമാണിതെന്ന് പറയുന്നതിനോട് യോജിക്കാൻ വയ്യ. തുകകൾ വരവ് വച്ചിരിക്കുന്നത് വ്യാജപ്പേരുകളിലാണ്. അവ ശരിയല്ലാത്ത ഇടപാടുകളെ സൂചിപ്പിക്കുന്നു. എല്ലാ അപേക്ഷകരിൽ നിന്നും ഒരേ തുകയാണ് സംഭാവന വാങ്ങുന്നതെന്നതും സംശയമുളവാക്കുന്നു. ഇത് വ്യാജ സംഭാവനയല്ലെന്ന് വരികിൽ ഒരേ തുക വരുന്നതെങ്ങനെ? കോടതി ചോദിച്ചു. സ്വമേധയാ നൽകിയതാണെങ്കിൽ സെലക്ഷൻ ലഭിക്കാത്തവർക്ക് അത് മടക്കിക്കൊടുക്കുന്നത് എന്തിനാണ്? നിയമവിരുദ്ധമായി പ്രതിഫലം പററുന്നതിന് ട്രസ്ററ് പറയുന്ന ദാരിദ്ര്യം ഒരു ന്യായീകരണമല്ലെന്നും കോടതി അഭിപ്രായപ്പെട്ടു.

എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നത് സർക്കാരാണെന്നിരിക്കെ സംഭാവന ഏർപ്പാട് യഥാർത്ഥത്തിൽ ഖജനാവിനോടുള്ള വഞ്ചനയാണെന്ന് വിധിയിൽ തുടർന്നു ചൂണ്ടിക്കാട്ടുന്നു. രാഘവൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അനുവദിച്ചു തന്നെ ഒരു എൽ.പി. സ്കൂൾ അദ്ധ്യാപക നിയമനത്തിനുള്ള റേററ് 1,25,000 രൂപയാണ്. അദ്ധ്യാപക നിയമനത്തിന് സംഭാവനയായി വാങ്ങുന്ന തുക മുഴുവൻ ശരിയായിവരവു വയ്ക്കുന്നില്ലെന്ന എതിർഭാഗ (വാദികൾ) ആരോപണത്തിന് ന്യായീകരണമുണ്ട്.

തെററായ വഴിക്ക് സമ്പാദിച്ചതുകൊണ്ട് ട്രസ്ററ് കൈവരിച്ചതായി പറയുന്ന നേട്ടങ്ങളെപ്പററി കോടതി പ്രത്യേകിച്ചൊന്നും പറയേണ്ടതില്ലെന്നു വിധിയിൽ തുടർന്നു പറയുന്നു. നിയമനങ്ങളും പ്രവേശനങ്ങളും തികച്ചും അതൃപ്തികരമായ രീതിയിലാണ് നടക്കുന്നത്. അക്കൗണ്ടിൽ സാങ്കൽപികമായ പേരുകളിലാണ് പണം വരവ് വയ്ക്കുന്നത്. ഇമ്മട്ടിലുള്ള ഭരണത്തെ ഒരു കോടതിക്കും അംഗീകരിക്കാനാവില്ല. അദ്ധ്യാപക വൃത്തിയെ ഒരു വില്പനച്ചരക്കായാണവിടെ മാററിയിരിക്കുന്നത്. അദ്ധ്യാപക തസ്തികയെ വിററഴിക്കുന്ന സൂപ്പർ മാർക്കററായി വിദ്യയുടെ ക്ഷേത്രങ്ങളെയും മാററിയിരിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ ട്രസ്ററിൻെറ പ്രവർത്തനവും നടത്തിപ്പും

നേരെചൊവ്വേയാണെന്നും, നിയമവിരുദ്ധവും അന്യായവുമായ രീതിയിലല്ലകാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതെന്നും ഉറപ്പുവരുത്തേണ്ട ചുമതല കോടതിക്കുണ്ട്. ട്രസ്റ്റിന്റെ സ്ഥാപനകാലം തൊട്ടേയുള്ള പതിവാണിതെന്ന് പറയുന്നതും ന്യായീകരിക്കാനാവില്ല. വിശ്വാസവഞ്ചനയ്ക്കു ഉത്തരം പറയുവാൻ മുഴുവൻ ട്രസ്റ്റികളും ബാദ്ധ്യസ്ഥരാണെന്നും ഇത്തരം നിയമവിരുദ്ധമായ നടപടികളുടെ നേർക്ക് കണ്ണടയ്ക്കുന്നതിന് കോടതിക്കു കാരണമാവുന്നില്ലെന്നും വിധിയിൽ പറഞ്ഞിട്ടുണ്ട്.

നിയമനത്തിനും പ്രവേശനത്തിനും സംഭാവനകൾ സ്വീകരിക്കുന്നതും അവ വ്യാജപ്പേരുകളിൽ വരവ് വയ്ക്കുന്നതും ഈ നടപടികളെ ട്രസ്റ്റികൾ ചോദ്യം ചെയ്യാതിരിക്കുന്നതും ട്രസ്റ്റിന് വിനാശകരമായ സംഗതികളാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള ട്രസ്റ്റി ബോർഡ് തുടരുന്നത് ട്രസ്റ്റിന്റെ ശരിയായ നടത്തിപ്പിന് തികച്ചും പററാതെ വരുന്നു. നിലവിലുള്ള ഭരണസമിതിയുടെ കാലാവധി കഴിഞ്ഞിരിക്കുന്നു. തിരഞ്ഞെടുപ്പിനുള്ള നടപടികൾ നടന്നുവരികയുമാണ്, ഈ സ്ഥിതിവിശേഷത്തിലും, നിലവിലുള്ള ട്രസ്റ്റി ബോർഡ് തുടരരുതെന്ന് തന്നെയാണ് കോടതിയുടെ അഭിപ്രായം. കോടതി ആവശ്യപ്പെട്ടതനുസരിച്ച് ഇരുഭാഗം കക്ഷികളും സമർപ്പിച്ച പാനലിൽ നിന്നുള്ള രണ്ടുപേരെ കമ്മിഷണർമാരായി വയ്ക്കാനാണ് കോടതി തീരുമാനിച്ചിരിക്കുന്നത്.

ട്രസ്റ്റിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെയും നിയമനം പുറത്ത് നിന്നുള്ള ആരെങ്കിലും നടത്തുകയാണ് ഉചിതം എന്ന വ്യക്തമായഅഭിപ്രായമാണ് കോടതിക്കുള്ളത്

നിയമനത്തിനുള്ള സെലക്ഷൻ കമ്മിററിയിലെ മററ് അംഗങ്ങളെ നോമിനേററ് ചെയ്യുന്നത് ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് പ്രവർത്തിക്കുന്നതിന് ഇവർക്ക് അധികാരം ഉണ്ടായിരിക്കും, അദ്ധ്യാപകസ്റ്റാഫ് നിയമനങ്ങൾക്കുള്ള കമ്മിററിയിൽ വിദ്യാഭ്യാസ ഏജൻസിയെ പ്രതിനിധീകരിക്കുന്നത് ഇവരായിരിക്കും. മററുപ്രതിനിധികളെ സർക്കാരുമായുള്ള കരാറനുസരിച്ച് നോമിനേററ് ചെയ്യേണ്ടത് ഇവരാണ്-പുതിയതായി നിയമിച്ച കമ്മിഷണർമാരെ പരാമർശിച്ച് കോടതി വ്യക്തമാക്കി. സെലക്ഷൻ നടത്തുവാൻ അധികാരപ്പെട്ട ഇവരുടെ ശുപാർശ അനുസരിച്ചുവേണം മാനേജുമെൻറ് നിയമനങ്ങൾ നടത്തുവാൻ.

മാനേജുമെൻറ് ക്വോട്ടയിലെ വിദ്യാർത്ഥി പ്രവേശനം മെരിററ് അടിസ്ഥാനത്തിൽ മാത്രമേ പാടുള്ളു. വിദ്യാർത്ഥികളുടെ മെരിററ് അടിസ്ഥാനത്തിലുള്ള ലിസ്ററ് പ്രിൻസിപ്പൽമാർ തയ്യാറാക്കി അംഗീകാരത്തിനായി കമ്മീഷണർമാർ മുമ്പാകെ വയ്ക്കണം. അവരുടെ അംഗീകാരമുള്ള ലിസ്ററിൽനിന്നെ പ്രവേശനമാകാവൂ. മാത്രമല്ല, നിയമനത്തിനോ പ്രവേശനത്തിനോ പ്രത്യക്ഷമായോ പരോക്ഷമായോ സംഭാവനയായോ ഫീസായോ മററതെങ്കിലും വിധത്തിലോ തുക നിശ്ചയിക്കുന്നതിലും സ്വീകരിക്കുന്നതിലുംനിന്ന് ട്രസ്ററിനെയും റീജിയണൽ കൗൺസിലുകളെയും വിധിയിൽ വ്യക്തമായി വിലക്കിയിട്ടുമുണ്ട്.

കേസിന്റെ പരിഗണനാവേളയിൽ സെക്രട്ടറി നിരവധി കോളേജ് അദ്ധ്യാപകരെ സ്ഥലംമാററിയിരുന്നത് കോടതി ഇടപെട്ട് തടഞ്ഞിരുന്നു. ഇനി കമ്മിഷണർമാർ വേണം സ്ഥലം മാററക്കാര്യവും പരിഗണിക്കുവാൻ സെക്രട്ടറി പുറപ്പെടുവിച്ച സ്ഥലംമാററ ഉത്തരവുകൾ കമ്മിഷണർമാർക്ക് 'റിവ്യൂ' ചെയ്ത് ആവശ്യമായ ഭേദഗതികളും മാററങ്ങളും വരുത്താവുന്നതാണ്. കമ്മിഷണർമാരുടെ അംഗീകാരത്തോടെയല്ലാതെ മാനേജുമെൻറ് സ്ഥലംമാററങ്ങൾ നടത്തരുത്.

റിസീവർമാർക്കും കമ്മിഷണർമാർക്കുമുള്ള പ്രതിഫലം നിശ്ചയിക്കേണ്ടത് തിരുവനന്തപുരം ജില്ലാ കോടതിയാണെന്നും വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

വിധിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഈ സംവിധാനങ്ങൾ ഹൈക്കോടതിയിൽ നിന്ന് ഇനിയൊരുത്തരവ് ഉണ്ടാകുന്നതുവരെ തുടരും. തിരഞ്ഞെടുപ്പ് കഴിഞ്ഞാലും ഹൈക്കോടതിയിൽ നിന്നുള്ള ഉത്തരവിന് വിധേയമായി മാത്രമേ പുതിയ ഭരണസമിതി അധികാരമേൽക്കാവൂ. എന്നും വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. □

# യു.ജി.സി. പാക്കേജ് പദ്ധതി കേരളത്തിൽ മരിക്കുകയാണോ?

പ്രൊഫ. കെ. ദാമോദരൻ
സിൻഡിക്കേററ് മെമ്പർ, കാലിക്കട്ട് യൂണിവേഴ്സിററി

ഉന്നതവിദ്യാഭ്യാസമണ്ഡലത്തിൽ ഗുണപരമായ പരിവർത്തനങ്ങൾ ഉളവാക്കുവാനും അധ്യാപനത്തിലും പഠനരീതികളിലും നൂതനപദ്ധതികൾ ആവിഷ്കരിക്കുന്നതിനും വേണ്ടി യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ ശുപാർശചെയ്ത കേന്ദ്രസർക്കാർ 1986 ജനുവരി മുതൽ നടപ്പിലാക്കിയ ഒരു പാക്കേജ് പദ്ധതി കേരളത്തിൽ നടപ്പിലായത് 13.3.90 മുതൽക്കായിരുന്നു. യു ജി. സി. പദ്ധതിയുടെ അടിസ്ഥാന രേഖ മെഹ്റോത്ര കമ്മീഷൻെറ റിപ്പോർട്ടാണ്. വിദ്യാഭ്യാ സത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിന് കമ്മീഷൻ നല്കിയ പല നിർദേശങ്ങളുമടങ്ങിയ ഒരു പാക്കേജാണ് ഈ പദ്ധതി. അതിലൊന്നുമാത്രമാണ് കോളേജ് അധ്യാപകർക്ക് ഉയർന്ന ശമ്പളം നൽകുക എന്നത്. സമൂഹത്തിലെ പ്രഗത്ഭമതികളുടെ സേവനം അധ്യാപന രംഗത്തുലഭിക്കുന്നതിനുള്ള ഒരു കാൽവെയ്പായിരുന്നു ഇത്. 1990-ൽ കേരളം ഭരിച്ചിരുന്ന ഇടതുപക്ഷ സർക്കാർ ദീർഘമായ ചർച്ചകൾക്കും അന്വേഷണങ്ങൾക്കും ശേഷമാണ് ഈ സംസ്ഥാനത്തിലെ മാത്രം സർവകലാശാല-കോളേജ് അധ്യാപകർക്ക് ഏറെക്കാലമായി നിഷേധിക്കപ്പെട്ടിരുന്ന ഈ ശമ്പള നിരക്കുകൾ നടപ്പാക്കുകയും യു ജി സി പാക്കേജ് അംഗീകരിക്കുകയും ചെയ്തത്.

ഈ പാക്കേജ് നടപ്പാക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഒട്ടേറെ ഉത്തരവുകളും വിശദീകരണങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയൊക്കെയുണ്ടായിട്ടും സർക്കാർ ഓഫീസുകളിൽ പല കാര്യങ്ങളിലും അവ്യക്തത തുടരുകയാണുണ്ടായത്. തൽഫലമായി കഴിഞ്ഞ കുറെ മാസങ്ങളായി കേരളത്തിലെ 500-ൽ താഴെ വരുന്ന അധ്യാപകർക്ക് ശമ്പളം നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദുരവസ്ഥയും തുടർന്നുകൊണ്ടേയിരിക്കുന്നു. യു. ജി.സി. നിർദേശിച്ചിട്ടുള്ള ജോലിഭാരം കണക്കാക്കി തസ്തികകൾ തിട്ടപ്പെടുത്തുവാൻ കഴിയാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായത് എന്നാണ് ഔദ്യോഗിക വിശദീകരണം. ജോലി ചെയ്യുകയും ശമ്പളം മാസക്കണക്കിന് കിട്ടാതിരിക്കുകയും ചെയ്യുന്ന പ്രൈവററ് കോളേജധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഏററവും അവസാനം സർക്കാർ ഇറക്കിയ ഉത്തരവാണ് ജൂലായ് രണ്ടിലേത്—പ്രശ്നപരിഹാരമായി ഇതിൽ നിർദേശിക്കപ്പെട്ടിരിക്കുന്നത് വ്യാപകമായ തോതിലുള്ള പിരിച്ചുവിടലാണ്! യു ജി സി ജോലിഭാരം (Work Load as per U.G C. Norms) ഇല്ലെന്ന് സർക്കാരിന് ബോധ്യം വരുന്ന മുറയ്ക്ക് സ്ഥിരം തസ്തികകളിലടക്കം ജോലിചെയ്യുന്നവരും വർഷങ്ങളുടെ സർവീസ് ദൈർഘ്യം ഉള്ളവരുമായ അധ്യാപകരെ വരെ "സാധാരണ നടപടിക്രമമനുസരിച്ച്" പിരിച്ചുവിടുമെന്നു തന്നെയാണ് പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ളത്.

പ്രൈവററ് കോളേജ് അധ്യാപകരുടെ ജോലിഭാരം, ഇന്നു നിലവിലുള്ള സർവകലാശാലാ നിയമങ്ങൾക്കനുസരിച്ച്, നിശ്ചയിക്കാനുള്ള അധികാരം നിക്ഷിപ്തമായിട്ടുള്ളത് സർവകലാശാലകളിലാണ്. സർക്കാരിലല്ല. സർവകലാശാലകളുടെ 'അക്കാദമിക്' ആട്ടോണമയു'ടെ അവിഭാജ്യ ഘടകമാണ് ഈ അവകാശം. യു ജി സി പദ്ധതി നടപ്പിലായ സാഹചര്യത്തിൽ ജോലിഭാരം പുനർ നിർണയം ചെയ്യുന്ന ചില മാർഗ രേഖകൾ സർക്കാർ സർവകലാശാലകളിലേക്ക് അയച്ചുകൊടുത്തിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച നിയമ ഭേദഗതികൾ സർവകലാശാലകൾ നടത്തിക്കഴിഞ്ഞിട്ടില്ല. ഇ

തിന് കാരണം നിയമനിർമ്മാണ പ്രക്രിയയുടെ ദൈർഘ്യം തന്നെയാണ്. വിവിധ സമിതികൾ ചേർന്ന് ചർച്ചചെയ്ത് അംഗീകരിക്കേണ്ടവയാണി നിയമങ്ങൾ. ഉദാഹരണത്തിന്, ജോലിഭാരം സംബന്ധിച്ച നിയമം-ഓർഡിനൻസ്-നിർമിക്കുന്നത് സിൻഡിക്കേററാണ്. അധ്യാപകരുടെ വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിച്ച ചട്ടങ്ങൾ, ക്രമീകരണങ്ങൾ-റെഗുലേഷൻസ്-ഉണ്ടാക്കേണ്ടത് അക്കാദമിക് കൗൺസിലാണ്. ഈ രണ്ടു സമിതികളും ഉണ്ടാക്കുന്ന നിയമങ്ങൾക്ക് അംഗീകാരം നൽകേണ്ടത് സെനററാണ്. സെനററിന് സ്വീകാര്യമല്ലെങ്കിൽ ഈ നിയമങ്ങൾ തനത് സമിതികളിലേക്കുതന്നെ പുനഃപരിശോധനക്കുവേണ്ടി തിരിച്ചയയ്ക്കാം. മാത്രമല്ല സാമ്പത്തിക ബാധ്യത ഉണ്ടാക്കിയേക്കാവുന്ന നിയമങ്ങൾക്ക് സർക്കാറിന്റെ അംഗീകാരവും വേണ്ടിവരും. ചുരുക്കത്തിൽ സാമാന്യം ദീർഘമുള്ള ഒമു നിയമനിർമാണ പ്രക്രിയയാണ് ഇതെന്നർഥം. കേരളത്തിലെ മൂന്ന് യൂണിവേഴ്സിററികളിലും ഈ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. പുതിയ നിയമ ഭേദഗതികൾ പ്രാബല്യത്തിൽ വരുന്നതുവരെ പഴയ നിയമങ്ങൾതന്നെ നിലനിൽക്കുമെന്നത് നിയമ വ്യവസ്ഥയുടെ അടിസ്ഥാനപരമായ തത്വമാണെന്നിരിക്കെ, ഇപ്പോൾ സർക്കാർ നടത്തുമെന്നുപറയുന്ന ജോലിഭാര നിർണയം നിലവിലുള്ള നിയമത്തിനനുസൃതമായേ ആകാവൂ. പക്ഷേ, അധ്യാപകരുടെ ശമ്പളബില്ലുകൾ പരിശോധിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർമാർ വിചിത്രമായ സമീപനമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചുകാണുന്നത്. നിലവിലുള്ള നിയമത്തിൽ നിന്നും സർക്കാറിന്റെ എക്സിക്യൂട്ടീവു ഉത്തരവുകളിൽ നിന്നും അധ്യാപകരുടെ ശമ്പളം നിഷേധിക്കുന്നതിന് സഹായകമായ വകുപ്പുകൾ പെറുക്കിയെടുത്ത് വ്യാഖ്യാനിക്കുക എന്ന ജോലിയാണ് അവർ ചെയ്യുന്നത്. പൊതു ഖജനാവിൽനിന്നു ഒരു പൈസപോലും അധികം ചെലവു വരരുത് എന്ന് ഉറപ്പാക്കാനാണത്രെ ഈ സമീപനം. നല്ലതുതന്നെ. നിയമവിരുദ്ധമായി സർക്കാർ ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചുകൂടല്ലോ. പക്ഷേ, ഏതു നിയമമാണ് പാലിക്കപ്പെടേണ്ടത്? നിലവിലുള്ള യൂണിവേഴ്സിററി ഓർഡിനൻസോ, അതോ സർക്കാരിന്റെ എക്സിക്യൂട്ടീവ് ഉത്തരവുകളോ? അതോ രണ്ടിൽനിന്നും തെരഞ്ഞെടുത്ത ചില വകുപ്പുകളോ? ഇങ്ങിനെ ചെയ്യാൻ ഏതു നിയമമാണ് അനുവദിക്കുന്നത് എന്നാണ് മനസിലാകാത്തത്.

മനസിലാകാത്ത മററു പലതുമുണ്ട്. യു ജി സി അക്കാദമിക് നിലവാരമുയർത്തുന്നതിനു വേണ്ടി സമൂർത്തമായ പല നിർദേശങ്ങളും മുന്നോട്ടു വെച്ചിരുന്നു!. അതിലൊന്ന് അധ്യാപകവിദ്യാർഥി അനുപാതം 1:40 എന്നാക്കുക എന്നാണ്. പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നതു പോലെ നൂറും നൂററിരുപതും കുട്ടികളെവെച്ച് പഠിപ്പിക്കുന്ന ഇപ്പോഴത്തെ രീതി മാററണമെന്ന് യു ജി സി നിർദേശിച്ചപ്പോൾ, സർക്കാർ ഇക്കാര്യത്തിൽ ഒരു മാററവും വരുത്തിയിട്ടില്ല. അതുപോലെത്തന്നെ ഗവേഷണത്തിനു മേൽനോട്ടം വഹിക്കുന്ന അധ്യാപകർക്ക് സാധാരണ ജോലിഭാരത്തിൽ കുറവു വരുത്തണമെന്ന നിർദേശത്തിനും ഇവിടെ അംഗീകാരം ലഭിച്ചിട്ടില്ല.

അതെന്തായാലും ശരി, യുജിസി വിഭാവനം ചെയ്ത രീതിയിൽ അക്കാദമിക് നിലവാരം ഉയർത്തുന്നതിനുള്ള നടപടികളോടു തികഞ്ഞ വൈമുഖ്യവും അതേ സമയം അധ്യാപകരുടെ എണ്ണം കുറയ്ക്കുന്ന കാര്യത്തിൽ അതീവ ജാഗ്രതയും പ്രകടമാക്കുന്ന ഒരു നയമാണ് സർക്കാർ സ്വീകരിച്ചു കാണുന്നത്. യു ജി സി നിർദേശിക്കുന്ന വിദ്യാഭ്യാസയോഗ്യതകൾ 19-9-91 നു ശേഷം നിയമിക്കപ്പെടുന്നവർക്കു മാത്രമേ ബാധകമാക്കേണ്ടതുള്ളൂ എന്ന് യു ജി സി തന്നെ വ്യക്തമാക്കിയിരിക്കെ 13-3-90 നു ശേഷം സർവീസിൽ വന്നവർക്കും അതിനു മുൻപുതന്നെ സർവീസിൽ ഉള്ളവരാണെങ്കിൽ അവരുടെ ഭാവി പ്രൊമോഷനുകൾക്കും പുതിയ യോഗ്യതകൾ ബാധകമാക്കുമെന്ന് ഉത്തരവിട്ടിരിക്കുന്നു! തങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളിലെ അധുനാധുനമായ പ്രവണതകൾ ഉൾക്കൊള്ളാൻ അധ്യാപകരെ സഹായിക്കുന്ന റിഫ്രഷർ കോഴ്സുകൾ രണ്ടാഴ്ചയിൽകൂടുതലാണെങ്കിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് 'റെഫർ' ചെയ്ത ശേഷമേ അവരുടെ ശമ്പളം കൊടുക്കാവൂ എന്ന് മറെറാരു കല്പനയും വന്നിട്ടുണ്ട്. ചുരുങ്ങിയത് 4 ആഴ്ചയെങ്കിലും ദൈർഘ്യമുള്ള റിഫ്രഷർ

# ഉപരിപഠനം ഉന്നതർക്കുമാത്രം

**പ്രൊഫ. ജോയ് ജോബ് കുളവേലി**
മെമ്പർ, സിൻഡിക്കേററ് എം.ജി.യൂണിവേഴ്സിററി

**കേ**രളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ കലാപകലുഷിതമാക്കാൻ പോന്ന ചില പരിഷ്കാരങ്ങൾക്ക് അണിയറയിൽ തീവ്രശ്രമം നടക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിൻെറ വരേണ്യസ്വഭാവത്തിനു കൂടുതൽ തിളക്കം വെപ്പിക്കുന്നതിനുള്ള ഈ നീക്കം ഇന്നത്തെ ശാന്തമായ കലാലയ അന്തരീക്ഷത്തെ സ്ഫോടകാത്മകമായ അവസ്ഥയിലേക്ക് തള്ളിനീക്കും.

ഉപരിവിദ്യാഭ്യാസ മേഖലയിലെ മുരടിപ്പ് മാററാൻ കണ്ടുവെച്ചിരിക്കുന്ന ഒററമൂലിയാണ് സ്വയംഭരണ (അട്ടോണമസ്) കോളേജുകൾ. ഈ അധ്യയനവർഷംതന്നെ ഏതാനും സ്വയംഭരണകോളേജുകൾ തുറന്നേതീരൂ എന്ന പിടിവാശിയിലാണ് വിദ്യാഭ്യാസ മന്ത്രിയും സംസ്ഥാന സർക്കാരും. ഐ എഎസ് ഐ പിഎസ്, ഐഎഫ്എസ് പരീക്ഷകളിലും മററും കേരളം പിന്നോക്കം പോകുന്നത് സ്വയംഭരണ കോളേജുകൾ ഇല്ലാത്തതുകൊണ്ടാണത്രേ. സ്വയംഭരണ കോളേജുകളെക്കുറിച്ച് മോഹവലയം സൃഷ്ടിച്ച് വിദ്യാഭ്യാസരംഗത്തെ യഥാർഥ പ്രശ്നങ്ങളിൽ നിന്നൊരു ഒളിച്ചോട്ടമാണിത്.

ഏഴാം പദ്ധതിയിൽ അഞ്ഞൂറ് കോളേജുകളെങ്കിലും സ്വയംഭരണ പദവി നേടണമെന്നായിരുന്നു സർവകലാശാല ഗ്രാൻറ്സ് കമീഷനും (യു ജി സി) ആഗ്രഹിച്ചിരുന്നത്. എന്നാൽ സ്വാതന്ത്ര്യാനന്തരം ഇതേവരെ 95 സ്ഥാപനങ്ങൾ മാത്രമാണ് സ്വയംഭരണത്തിലുള്ളത്. ഇതിൽ തന്നെ മുൻപന്തിയിൽ തമിഴ്നാടാണ്. 1978 ൽ നാല് എഞ്ചിനീയറിങ്ങ് കോളേജ് ഉൾപ്പെടെ ഒരു ഡസൻ കോളേജുകൾ തമിഴ്നാട്ടിൽ സ്വയംഭരണ സ്ഥാപനങ്ങളായി. ഇപ്പോൾ അവിടെ ഒട്ടാകെ 45 സ്വയംഭരണ സ്ഥാപനങ്ങളുണ്ട്. ഇതിൽ ഏറെയും സ്വകാര്യ മാനേജ്മെൻറുകളുടേതാണ്, ഐ എ എസിലും ഐ പി എസിലും ഐ എഫ് എസിലുംമററും എന്തുകൊണ്ട്തമിഴ്നാട് ആധിപത്യം പുലർത്തുന്നില്ല ? കേരളം ദേശീയ മൽസരപരീക്ഷകളിൽ പിന്നോക്കം പോകുന്നതിൽ പരിതപിക്കുന്നവരുടെ കണ്ണു തുറപ്പിക്കേണ്ട കണക്കുകളാണിത്.

ആന്ധ്രപ്രദേശ്, രാജസ്ഥാൻ, മധ്യപ്രദേശ്, കർണാടക, പഞ്ചാബ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലും ഏതാനും സ്വയംഭരണ കോളേജുകളുണ്ട്. കേരളം ഉൾപ്പെടെ ഭൂരിപക്ഷം സംസ്ഥാനങ്ങൾ ഈ പരീക്ഷണത്തിനു ഇനിയും ഇരയായിട്ടില്ല. സ്വാതന്ത്ര്യം കിട്ടുമ്പോൾ നമുക്ക് ഇരുപതു സർവകലാശാലയും എഴുനൂറ് കോളേജുമാണുണ്ടായിരുന്നത്. ഇപ്പോൾ നൂററിഎഴുപത്തിയാറ് സർവകലാശാലയും ഏഴായിരം കോളേജുകളുംഉണ്ട്. നാലപതിററാണ്ടുകാലത്തെ വളർച്ചയാണിത്. എണ്ണത്തിലുണ്ടായ വളർച്ച ഗുണത്തിൽ എത്രത്തോളമുണ്ടായി എന്നത് സൂക്ഷ്മപരിശോധന അർഹിക്കുന്നതു തന്നെ. ദേശീയ ലക്ഷ്യങ്ങൾക്കനുരൂപമല്ലാത്തതും കാലഹരണപ്പെട്ടതുമായ പല ഘടകങ്ങളും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾച്ചേർന്നിരിക്കുന്നുവെന്നതിലും തർക്കമില്ല.

---

കോഴ്സുകളിൽ അധ്യാപകർ പങ്കെടുക്കണമെന്ന യു ജി സി വ്യവസ്ഥയുള്ളപ്പോഴാണി ഉത്തരവുണ്ടായിരിക്കുന്നത്.

എന്തായാലും ഉന്നതമായ ചില ഉദ്ദേശ്യങ്ങളെ മുൻനിർത്തി യൂണിവേഴ്സിററി ഗ്രാൻറ്സ് കമ്മീഷൻ വിഭാവനം ചെയ്ത ഒരു പദ്ധതി ഇവ്വിധം കബന്ധമായിപ്പോകുന്നത് കഷ്ടംതന്നെയാണ്. സർവകലാശാലകൾക്ക് ഇക്കാര്യത്തിൽ വഹിക്കാനുള്ള പങ്ക് വളരെ വലിയതാണെങ്കിലും അതിലൊന്നും പ്രസക്തിയില്ലാതെ പോകുന്ന ദുഃസ്ഥിതി. എല്ലാം തീരുമാനിക്കുന്നത് സർക്കാരിൻെറ എക്സിക്യൂട്ടീവ് അധികാരങ്ങൾ ഉപയോഗിച്ചാണ് എന്നുവരുന്നത് അപകടകരമായ ഒരു പ്രവണതയുടെ തുടക്കമാണ്.

(മാതൃഭൂമി)

അവയ്ക്കെല്ലാം ഒററുവി സ്വയംഭരണ കോളേജുകളാകുന്നതെങ്ങനെ? വിദ്യാഭ്യാസ സ്ഥാപനങ്ങൾ സർവതന്ത്ര സ്വതന്ത്രങ്ങളായാൽ എല്ലാററിനും പരിഹാരമാകുമോ? കേരളത്തിൽ നിലവിലുള്ള പരിമിതമായ നിയന്ത്രണങ്ങൾ നീക്കിയാൽ ഉന്നതവിദ്യാഭ്യാസം സമ്പന്നരുടെ കുത്തകയാകും. ദീർഘനാളത്തെ പ്രക്ഷോഭങ്ങളുടെ ഫലമായാണ് സമൂഹം വിദ്യാർഥി പ്രവേശനത്തിലും അധ്യാപക നിയമനത്തിലും പരിമിതമായ ചില നിയന്ത്രണങ്ങൾ എങ്കിലും സ്വകാര്യമേഖലയിൽ കൈവരിച്ചത്. ഈ നിയന്ത്രണങ്ങളെപ്പോലും മറികടക്കാനുള്ള പഴുതുകൾ തേടുന്ന വെമ്പലിലാണ് സ്വകാര്യ മാനേജ്മെന്റുകൾ. സാമ്പത്തികവും സാമൂഹ്യവുമായി പിന്നോക്കം നിൽക്കുന്നവർക്ക് സർവതന്ത്ര സ്വതന്ത്രസ്ഥാപനങ്ങളായ സ്വയംഭരണ കോളേജുകളിൽ കയറിപ്പററുന്നത് സ്വപ്നം കാണാൻ കൂടി കഴിയില്ല. ഒന്നോ രണ്ടോ ദശാബ്ദം മുമ്പ് 'സ്വയംഭരണകോളേജു'കൾ കേരളത്തിൽ തുറന്നിരുന്നെങ്കിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് നാം ഇന്നെത്തിനിൽക്കുന്ന പുരോഗതി ആർജിക്കില്ലായിരുന്നു. വരേണ്യവർഗത്തിന്റെ കുത്തകയായി ഉന്നതബിരുദങ്ങൾ മാറിയേനെ.

സ്വയംഭരണത്തിന്റെ വലിയ നേട്ടമായി ചൂണ്ടിക്കാട്ടുന്നത് പരീക്ഷ നടത്തിപ്പിലെ കാര്യക്ഷമതയാണ്. ചോദ്യപേപ്പർ തയ്യാറാക്കുക, പരീക്ഷകരെ നിശ്ചയിക്കുക, ഇന്റേണൽ, എക്സ്റേറണൽ സംവിധാനങ്ങൾ നടപ്പിലാക്കുക, ഫലം പ്രസിദ്ധപ്പെടുത്തുക തുടങ്ങിയവയെല്ലാം സ്വയംഭരണ കോളേജുകളുടെ അധികാരത്തിലാകും. പരീക്ഷയുടെ അലകും പിടിയും മാററി പുതിയ തലത്തിലേക്ക് ഉയർത്താനും അതിനാവശ്യമായ അക്കാദമീയ കാഴ്ചപ്പാട് സൃഷ്ടിക്കാനും ഇതുകൊണ്ട് കഴിയുമെന്നാണ് വയ്പ്.

ഇന്ന്, പഠിപ്പിക്കലും പഠനവും പരീക്ഷയെ ചുററിപ്പററിയുള്ള പ്രക്രിയയാണ്. വിദ്യാർത്ഥിയുടെ പ്രതിഭയുടെയോ കഴിവിന്റെയോ മാററുരക്കപ്പെടുന്നില്ല. പരീക്ഷാ സംവിധാനം റിവേഴ്സ് ഗിയറിലാണ് ഓടുന്നത്. എന്നാൽ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അഫിലിയേററഡ് കോളേജുകളുടെ ഈ കുഴപ്പങ്ങൾ അതിജീവിക്കാൻ കഴിയുന്നുണ്ടോ? തമിഴ്നാട്ടിലെ നാല് സർവകലാശാലകളുടെ കീഴിലുള്ള പത്തു സ്വയംഭരണ കോളേജുകൾ കേന്ദ്രീകരിച്ച് അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിററീസിന്റെ (എഐയു) ആഭിമുഖ്യത്തിൽ മദിരാശി സർവകലാശാല വിദ്യാഭ്യാസ വകുപ്പ് പ്രൊഫസർ ഡോ. വേദനായകം നടത്തിയ പഠനത്തിലെ നിഗമനങ്ങൾ ശ്രദ്ധേയമാണ്. സർവകലാശാലകളിൽ ഒരു കൺട്രോളർ നടത്തിയ പരീക്ഷ പല കൺട്രോളർ കൂടി നടത്തി എന്നല്ലാതെ കാതലായ മാററം ഉണ്ടായില്ല. സ്വയംഭരണ കോളേജുകളിൽനിന്ന് പ്രതീക്ഷിച്ചത്ര ഉയർന്ന നിലവാരം അക്കാദമീയ മൂല്യനിർണയത്തിലും കണ്ടില്ല. സെമസ്ററർ സംവിധാനവും ഇന്റേണൽ വിലയിരുത്തലുമാണ് എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള പരീക്ഷാ രീതി. ഇന്റേണൽ ആയി നൽകുന്ന മാർക്കിന്റെ ശതമാനം 25 മുതൽ 50 വരെ പല സ്ഥാപനങ്ങളിലുമുണ്ട്. ഇന്റേണൽ, എക്സ്റേറണൽ മൂല്യനിർണയങ്ങളെ സ്വയംഭരണ കോളേജുകൾ ഒന്നായി കണ്ടു. ഇന്റേണൽ എന്ന രീതിയുടെ ലക്ഷ്യം കാഴ്ചപ്പാട് രൂപപ്പെടുത്തൽ (Formative assessment) എന്നു മാത്രമാണ്. രണ്ടിനും തുല്യ പ്രാധാന്യം നൽകുമ്പോൾ സംഭവിക്കുന്നത് ശരിക്കും ആവർത്തനമാണ്. അന്തിമ നിർണയം നടത്തുമ്പോൾ ഇന്റേണലിന്റെ ഫലം കൂടി കൂട്ടുന്ന രീതി ഇതിന്റെ ലക്ഷ്യത്തിനു നിരക്കുന്നതല്ല. ചുരുക്കത്തിൽ വിദ്യാർത്ഥികളെ വിലയിരുത്തുന്നതിൽ സ്വയംഭരണ കോളേജിലും അഫിലിയേററഡ് കോളേജിലും ഒരേ രീതി തന്നെ പിന്തുടരുന്നു. അതേസമയം ഒരു സ്വയംഭരണ കോളേജ് പുസ്തകം തുറന്നുനോക്കി പരീക്ഷ എഴുതുന്ന സംവിധാനം പരീക്ഷിച്ചു എന്നതൊഴികെ മറെറാരു പ്രത്യേകതയും പരീക്ഷാ നടത്തിപ്പിൽ കണ്ടില്ല. പരീക്ഷയിൽ അക്കാദമീയ മാററങ്ങൾ വരുത്തുന്ന കാര്യത്തിൽ സ്വയംഭരണ കോളേജുകൾ അജ്ഞരാണെന്നു പ്രഫ. വേദനായകം വിലയിരുത്തുന്നു. അതായത് മാററങ്ങൾ വരുത്താൻ കെൽപുണ്ടെന്ന് കരുതി ഏൽപിച്ചവരിൽ നിന്ന് പ്രതികരണമേ ഉണ്ടായില്ലെന്നർഥം.

തമിഴ്നാട്ടിലെ അസോസിയേഷൻ ഓഫ് യൂണിവേഴ്സിററി ടീച്ചേഴ്സിന്റെ (എയുടി)

പഠനം പുറത്തുകൊണ്ടുവന്ന വസ്തുതകൾ ഞെട്ടിക്കുന്നതാണ്. മകൻ പരീക്ഷ എഴുതുമ്പോൾ അച്ഛൻ പരീക്ഷാ ബോർഡിൻെറ ചെയർമാനാകുക ! അഫിലിയേററഡ് കോളേജ് പരീക്ഷയിൽ തോററ മകനെ സ്വയംഭരണ കോളേജ് വഴി ഒന്നാംറാങ്ക് നൽകുക! ഈ മറിമായങ്ങൾ സാധാരണമാണത്രേ. മോഡറേഷൻ നൽകുന്നതിലെ പക്ഷപാതിത്വം അമ്പരപ്പുള വാക്കുന്നതാണ്. മുപ്പത്തിയഞ്ചു ശതമാനം പാസ്മാർക്ക് വേണ്ടിടത്ത് 20 ശതമാനം മോഡറേഷനിലൂടെ 15 ശതമാനക്കാരെ വരെവിജയത്തിൻെറ കടമ്പ കടത്തിവിട്ടതിൻെറ ഖ്യാതിയും തമിഴ്നാട്ടിലെ സ്വയംഭരണ കോളേജുകൾക്കുണ്ട്.

സ്വയംഭരണ കോളേജുകളുടെ മറെറാരു മേന്മ കോഴ്സുകൾ പ്രാദേശികാവശ്യങ്ങളുടെഅടിസ്ഥാനത്തിൽ സ്വന്തമായി രൂപപ്പെടുത്താൻ അവസരം സൃഷ്ടിക്കുന്നുവെന്നതാണ്. ഇത് ഒററനോട്ടത്തിൽ ആകർഷകമായി തോന്നാം, വിജ്ഞാന വിസ്ഫോടനത്തിൻെറ ഈ കാലഘട്ടത്തിൽ പ്രാദേശികമായ ആവശ്യങ്ങൾ മുൻനിർത്തി കോളേജുകളിൽ പഠനരൂപം രൂപപ്പെടുത്തുന്നത് അശാസ്ത്രീയമായ അസന്തുലിതാവസ്ഥക്കല്ലേ വഴിയൊരുക്കൂ. ഊർജതന്ത്രവും രസതന്ത്രവും ഗണിതശാസ്ത്രവും സാഹിത്യവും മററും പ്രാദേശികാടിസ്ഥാനത്തിൽ എങ്ങനെ മാററിയെഴുതാനാകും. സാർവലൗകികമായ ഈ വിജ്ഞാനശാസ്ത്രങ്ങളെ ഓരോ കോളേജിനും പ്രത്യേക രീതിയിൽ എങ്ങനെ പരുവപ്പെടുത്താനാവും? ഫ്യൂസ് കെട്ടാനോ, വൈദ്യുതി വയറിങ്ങ് നടത്താനോ ഏതെങ്കിലും ഉപകരണങ്ങളുടെ കേടുപാട് തീർക്കാനോ പററുന്നതരത്തിൽ പ്രായോഗിക പരിശീലനം ലഭ്യമാക്കിയെന്നിരിക്കട്ടെ. അതുകൊണ്ട് ഊർജതന്ത്രത്തിലോ രസതന്ത്രത്തിലോ വിദ്യാർഥിയുടെ പ്രതിഭ വളരുമോ? ഉപരിവിദ്യാഭ്യാസ ലക്ഷ്യം ഇലക്ട്രീഷ്യന്മാരെയോ ടെക്നീഷ്യന്മാരെയോ സൃഷ്ടിക്കുക എന്നതല്ല. ആ ദൗത്യം നിർവഹിക്കുന്നത് ഐ ടി ഐ ഐ ടി സി തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങളാണ്.

സ്വയംഭരണ കോളേജുകളുടെ കോഴ്സുകൾ രൂപകൽപന ചെയ്യുന്നത് സർവകലാശാല തലത്തിലുള്ളതുപോലുള്ള വിദഗ്ധ സമിതിയല്ല. വകുപ്പുമേധാവിയും അധ്യാപകരും പ്രിൻസിപ്പലും കൂടി കോഴ്സ് തട്ടിക്കൂട്ടുന്നു. പലതിനും റഫറൻസ് ഗ്രന്ഥങ്ങൾ പോലുമില്ല. ഈ കോഴ്സുകൾ പൂർത്തിയാക്കി പുറത്തിറങ്ങുന്ന വിദ്യാർഥികൾക്ക് ഉപരിപഠന സാധ്യത മങ്ങുകയില്ലേ? കോഴ്സുകൾ രൂപകൽപന ചെയ്യാനും പുതിയവ ആരംഭിക്കാനും സ്വാതന്ത്ര്യം ലഭിക്കുന്നതോടെ നിലവിലുള്ള പല കോഴ്സും കാലഹരണപ്പെട്ടു എന്ന പേരിൽ നിർത്താൻ ശ്രമമുണ്ടാകും. തമിഴ്നാട്ടിലുണ്ടായത് അതാണ്. സർവകലാശാലയും സർക്കാരും അറിഞ്ഞാണ് ഇപ്പോൾ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത്. ഏതെങ്കിലും കോഴ്സ് നിർത്തലാക്കാൻ സർവകലാശാലയുടെ മുൻകൂട്ടിയുള്ള അംഗീകാരം വേണം. സർവതന്ത്രസ്വതന്ത്രമായ സ്വയംഭരണ കോളേജുകൾക്ക് ഈ വ്യവസ്ഥകളൊന്നും ബാധകമല്ല. പഞ്ചാബിലെയും തമിഴ്നാട്ടിലെയും സ്വയംഭരണ കോളേജുകളിൽ പുതിയ കോഴ്സുകളുടെ പേരിൽ അധ്യാപകർ ക്രൂശിക്കപ്പെട്ടു. ഭാഷാപഠനം ഇത്രയും ആവശ്യമില്ല എന്നപേരിൽ ഇംഗ്ലീഷ് ഭാഷാധ്യാപകർക്ക് തമിഴ്നാട്ടിൽ പണിപോയി. കോഴ്സുകൾ പുനർരൂപകൽപന ചെയ്യുന്നത് പലപ്പോഴും ആവശ്യമായിരിക്കാം. ചില ശാസ്ത്രമേഖലകളിൽ അത് ഒഴിവാക്കാനുമാകില്ല. ഉദാഹരണമായി. ഊർജതന്ത്രത്തിൽ ഇലക്ട്രോണിക്സിനും കമ്പ്യൂട്ടർ സയൻസിനും കൂടുതൽ ഊന്നൽ നൽകാവുന്നതാണ്. ഇതിനു അധ്യാപകരെ പുനർപഠനത്തിനു വിധേയരാക്കണം. ലബോറട്ടറി. ലൈബ്രറി സൗകര്യങ്ങൾ വർധിപ്പിക്കണം. സ്വയംഭരണ കോളേജുകളില്ലാതെ തന്നെ ഇവ സാധ്യമാകും മനസുണ്ടെങ്കിൽ.

മിനി സർവകലാശാലയുടെ പദവിയാണ് സ്വയംഭരണ കോളേജിന്. ആരാവും ഇതിനു അക്കാദമിയവും ഭരണപരവുമായ നേതൃത്വം കൊടുക്കുക? ഇന്നത്തെ സംവിധാനം തന്നെ ഫലപ്രദമായി നടത്തിക്കൊണ്ടുപോകാൻ ക്ലേശിക്കുന്നവരാണ് പല കോളേജ് അധികാരികളും. ധിഷണാപരവും നേതൃത്വപരവുമായ മികവും അവബോധവും പ്രകടമാക്കേണ്ട സ്വയംഭരണ സംവിധാനങ്ങൾ ഇത്തരക്കാരുടെ കയ്യിൽ ലക്ഷ്യപ്രാപ്തി കൈവരിക്കുമെന്ന് പറയാനാകില്ല.

നിലവിലുള്ള അധ്യാപകനിയമന രീതി അപര്യാപ്തമാണ്. പല വിദ്യാഭ്യാസ സ്ഥാ

പനങ്ങളിലും പരസ്യമായ ലേലംവിളി നടക്കുന്നില്ലെന്നേയുള്ളു. വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾക്കേ ഇതിൽ മാതൃകയാകാൻ കഴിയുന്നുള്ളു. ചില സ്ഥാപനങ്ങളിൽ കോഴയില്ലെന്ന് വാദത്തിന് സമ്മതിച്ചാൽ തന്നെ അതിലും ജുഗുപ്സാവഹമായ മററു പല പരിഗണനകളും കാണാം.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്ന് തട്ടുകൾ കുറവാണ്. സർവകലാശാലകളുടെയും കോളേജുകളുടെയും ഇന്നത്തെ രൂപകൽപന നിക്ഷിപ്തതാൽപര്യക്കാർക്ക് അസ്വാസ്ഥ്യമുണ്ടാക്കുന്നുണ്ട്. എല്ലാം തികഞ്ഞ സംവിധാനമല്ല ഇതെങ്കിൽ കൂടി ഒട്ടേറെ സാമൂഹ്യനിയന്ത്രണങ്ങൾക്ക് ഇന്ന് ഈ സ്ഥാപനങ്ങൾ വിധേയമാണ്. എന്നാൽ ഹയർ സെക്കണ്ടറി തലംവരെയുള്ള വിദ്യാഭ്യാസത്തിന്റെ സ്ഥിതി അതല്ല. സ്കൂൾ തലത്തിൽ രണ്ടു തട്ടിലുള്ള വിദ്യാഭ്യാസം സമൂഹത്തിൽ ആഴത്തിൽ വേരോടിക്കഴിഞ്ഞു. ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സമൂഹത്തെ വീർപ്പുമുട്ടിക്കുംവിധം പടർന്നു പന്തലിച്ചിരിക്കുകയാണ്. സാധാരണ പള്ളിക്കൂടങ്ങളുടെ വംശനാശത്തിനു തുടക്കം കുറിച്ചു കഴിഞ്ഞു. പല സർക്കാർ സ്കൂളുകളും നിർത്താൻ സർക്കാർതലത്തിൽ കൈക്കൊണ്ട തീരുമാനം ഈ പ്രക്രിയക്ക് ആക്കവും ഊക്കും കൂട്ടും. ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും രണ്ടുതട്ടുസമീപനം വ്യാപിപ്പിക്കാൻ കച്ചകെട്ടി നിൽക്കുന്നവരുടെ കയ്യിലെ തുറപ്പുചീട്ടാണ് സ്വയംഭരണ കോളേജ്.

'സ്വയംഭരണ കോളേജിന്റെ' വക്താക്കൾ പലതരം 'മുഖംമൂടികളണിഞ്ഞാണ് തങ്ങളുടെ വാദങ്ങൾ നിരത്തി ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നത്. ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തിലെ പിഴവുകൾ ഊതിവീർപ്പിച്ച് തങ്ങളുടെ വാദമുഖങ്ങൾക്ക് മൂർച്ച കൂട്ടുമ്പോൾ 'സ്വയംഭരണ കോളേജു'കളുടെ ദുരിതങ്ങൾ മറച്ചുപിടിക്കുന്നു. സമർഥരായ വിദ്യാർത്ഥികളെ 'ഗിന്നിപിഗു'കളെപോലെ പരീക്ഷണങ്ങൾക്ക് ഇരയാക്കി ഭാവി ഇരുളടഞ്ഞതാക്കിയതിന്റെ എത്രയെത്ര കദനകഥകൾ തമിഴ്നാട്ടിലും മററും കേൾക്കാം. 'ഡബിൾ മേജർ' കോഴ്സ് ഇതിനു ഉദാഹരണമാണ്. രണ്ട് മുഖ്യവിഷയവും ഒരു ഉപവിഷയവും എന്ന നിലയിൽ പാസായ വിദ്യാർഥികൾക്ക് ബിരുദാനന്തര കോഴ്സിനോ ബി.എഡ് കോഴ്സിനോ ചേരാനാകുന്നില്ല. ഇതിനെതിരെ വൻപ്രക്ഷോഭം തമിഴ്നാട്ടിൽ അലയടിച്ചു. പിന്നീട് സാധാരണ കോളേജുകളിലെപോലെ ഒരു മുഖ്യവിഷയവും രണ്ട് ഉപവിഷയങ്ങളും എന്ന നിലയിലേക്ക് തിരിച്ചുകൊണ്ടുവരാൻ നിർബന്ധിതരായി.

അക്കാദമിക് കൗൺസിൽ ചട്ടമനുസരിച്ച് ഒരു ക്ലാസിൽ അമ്പതു കുട്ടികളിൽ കൂടുതൽ പാടില്ല. പക്ഷേ പ്രിൻസിപ്പൽമാർ 75-80 വരെ വിദ്യാർഥികളെ പ്രവേശിപ്പിക്കുന്നു. അക്കാദമിക് കൗൺസിലിന്റെയും ബോർഡ് ഓഫ് സ്ററഡീസിന്റെയും തീരുമാനങ്ങൾ കാററിൽ പറത്തുകയാണ് മാനേജ്മെൻറുകൾ. സപ്ലിമെൻററി പരീക്ഷകൾ തോററ കുട്ടികൾക്ക് വീണ്ടും അവസരം നൽകാനെന്നാണ് വയ്പ്. പക്ഷേ പ്രതികാരദാഹം തീർക്കാൻ ഈ അവസരം ആയുധമാക്കിയതിന്റെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും നിരത്താനാകും.

കേരള, കാലിക്കററ് മഹാത്മാഗാന്ധി സർവകലാശാലകളിലെ കോളേജുകളിൽ ഗവേണിങ് ബോഡി നിയമാനുസൃതം സംഘടിപ്പിച്ചിട്ടുള്ളവരുടെ സംഖ്യ നന്നേകുറവാണ്. ന്യൂനപക്ഷ സംരക്ഷണത്തിന്റെ പേരിലും അല്ലാതെയും അധ്യാപക-വിദ്യാർഥി പ്രതിനിധികളെ ഗവേണിങ് ബോഡിയിൽ ഉൾപ്പെടുത്താത്തവർ ഓട്ടോണമസ് കോളേജ് ഗവേണിങ് ബോഡിയോട് എന്തു നിലപാട് സ്വീകരിക്കും?

സ്വയംഭരണ സ്ഥാപനങ്ങളിൽ വിഭാവനം ചെയ്യുന്ന ഭരണക്രമവും നിലവിലുള്ള കോളേജുകളിലെ സംവിധാനവും തമ്മിൽ താരതമ്യം തന്നെ അർഹിക്കുന്നില്ല. സ്വയംഭരണ സംവിധാനത്തിലെ പരമപ്രധാന ഘടകം ഗവേണിങ് ബോഡിയാണ്. മാനേജ്മെൻറിന്റെ മൂന്നംഗങ്ങൾ ഇതിലുണ്ടാകും. അതിൽ ഒരാൾ ചെയർമാനും. സീനിയോറിററി അടിസ്ഥാനത്തിൽ നോമിനേററ് ചെയ്യപ്പെടുന്ന രണ്ടു അധ്യാപകർ അംഗങ്ങളായുണ്ടാകും. കൂടാതെ, യു ജി സി സർവകലാശാല, സർക്കാർ എന്നിവയുടെ ഓരോ പ്രതിനിധിയും. കോളേജ് പ്രിൻസിപ്പൽ ആയിരിക്കും എക്സ്-ഒഫീഷ്യോ മെമ്പർ സെ

# ഒരു വിധികൂടി

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികളുടെ പ്രവേശനത്തിനു തലവരി ഈടാക്കുന്നതു ഭരണഘടനാവിരുദ്ധമാണെന്നു പ്രഖ്യാപിച്ച സുപ്രിംകോടതിയുടെ വിധിപോലെത്തന്നെ ചരിത്രം സൃഷ്ടിക്കുന്ന ഒന്നാണ്, അധ്യാപക നിയമനത്തിന്നു കോഴ വാങ്ങുന്നത് അധാർമികമാണെന്ന് അടുത്ത ദിവസം കേരള ഹൈക്കോടതി പ്രഖ്യാപിച്ച വിധിയും. ശ്രീനാരായണ ട്രസ്റ്റിന്റെ ഭരണത്തിന് അഡ്മിസ്ട്രേറ്റർമാരെ നിയമിച്ചുകൊണ്ടുള്ള തിരുവനന്തപുരം ജില്ലാ കോടതിയുടെ വിധിയെ ചോദ്യം ചെയ്തുകൊണ്ടു ട്രസ്റ്റ് സെക്രട്ടറി എം. കെ. രാഘവൻ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൻമേലാണ് ചീഫ്ജസ്റ്റിസ് ജഗന്നാഥറാവുവും ജസ്റ്റിസ് കൃഷ്ണമൂർത്തിയും ഉൾപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി. രാഘവന്റെ സ്വാതന്ത്ര്യം സാരമായി കുറയ്ക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ നടപടികളെ രൂക്ഷമായി വിമർശിക്കുകയും ചെയ്തിരിക്കുന്നു, കോടതി. ട്രസ്റ്റ് വകയായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളും പ്രവേശവും നിയന്ത്രിക്കാൻ പ്രഗത്ഭരായ രണ്ടു കമ്മീഷണർമാരെ–ഡോ. പ്രസന്നനും എം. കെ. പ്രസാദും–നിയമിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ട്രസ്റ്റീസ് ബോർഡിന്റെ തിരഞ്ഞെടുപ്പുവരെ ട്രസ്റ്റിന്റെ ഭരണം നടത്താൻ രാഘവനേയും എ. ആർ. ശങ്കരനാരായണനെയും റിസീവർമാരായി നിയമിച്ചിട്ടുണ്ടെങ്കിലും, ഫലത്തിൽ അവരുടെ പ്രവർത്തം തിരുവനന്തപുരം ജില്ലാ കോടതിയുടെ നിയന്ത്രണത്തിന്നു വിധേയമായിരിക്കും. ഇത്രയുമാണ് ഹൈക്കോടതി ചെയ്തിട്ടുള്ള

---

ക്രട്ടറി. ജീവനക്കാരുടെ നിയമനം, അച്ചടക്ക നടപടി എല്ലാം ഗവേണിങ്ങ് ബോഡിയുടെ ചുമതലയാണ്. വിദ്യാർഥി പ്രവേശനം, ഫീസ്, വാർഷിക ബജററ് തയ്യാറാക്കൽ, സ്കോളർഷിപ്പ്, ഫെലോഷിപ്പ് എന്നിവയുടെയെല്ലാം അധികാരവും ഈ സമിതിക്കുതന്നെ അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയാണ് മററു പ്രധാനപ്പെട്ട അധികാരകേന്ദ്രങ്ങൾ.

സ്വയംഭരണ കോളേജിന്റെ മേന്മയായി ഏറെ കൊട്ടിഘോഷിക്കുതന്ന് സർവകലാശാല ഗ്രാൻഡ് കമീഷനിലും (യു ജി സി) മററും നിന്നുള്ള സഹായധനമാണ്. 1978ൽ തമിഴ് നാട്ടിൽ ഈ പരീക്ഷണം ആരംഭിച്ചപ്പോൾ തുലോം തുഛമായിരുന്നു ഗ്രാൻറ്. എട്ടാംപദ്ധതിയിൽ 20 ലക്ഷം രൂപയാണ് ഗ്രാൻറായി പ്രതീക്ഷിക്കുന്നത്. പക്ഷേ ഇതിനു ഔദ്യാഗിക സ്ഥിരീകരണമൊന്നുമില്ല. പല സ്വയംഭരണകോളേജുകളും സാമ്പത്തിക പരാധീനത കാരണം ചത്തു ജീവിക്കുന്നുവെന്നതാണു സത്യം. വിഭവങ്ങളുടെ അപര്യാപ്തത കാരണം ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് എ.ഐ.യു. നടത്തിയ പഠനം തെളിയിക്കുന്നു.

അധ്യാപകരുടെ ജോലിഭാരം ക്രമാതീതമായി വർധിച്ചതായും ഈ പഠനം വ്യക്തമാക്കുന്നു. അക്കാദമീയ ജോലിക്കു പുറമെ ഗുമസ്തപ്പണിയും അധ്യാപകരുടെ ചുമലിലായി. അധ്യാപകരുടെ ഫാക്കൽററി മെച്ചപ്പെടുത്താൻ പരിമിത സൗകര്യങ്ങളേ ലഭ്യമാകുന്നുള്ളു. ഫാക്കൽററി മെച്ചപ്പെടുത്താതെ പുതിയ വെല്ലുവിളി ഏറെറടുക്കാനാകില്ല.

മാനസികമായ മുരടിപ്പിനു വളം വെക്കുന്നതാണ് സ്വയംഭരണ കോളേജുകളിലെ പാഠ്യക്രമം. പാഠ്യേതരവിഷയങ്ങളിൽ വിദ്യാർഥികളുടെ കഴിവ് പരീക്ഷിക്കാനോ പ്രോൽസാഹിപ്പിക്കാനോ ഒരു ശ്രമവുമില്ല. വ്യക്തിത്വവികാസം ലക്ഷ്യമിട്ടല്ല പാഠ്യക്രമം കരുപ്പിടിപ്പിക്കുന്നതും. കായികമോ കലാപരമോ സാംസ്കാരികമോ ആയ സംഭാവനകളെ ഫലത്തിൽ മന്ദീഭവിപ്പിക്കുകയാണ്. സ്വയംഭരണ കോളേജുകളിലെ ലൈബ്രറികൾ ശുഷ്കമാണ്. വിലകൂടിയ റഫറൻസ് ഗ്രന്ഥങ്ങളോട് സാമ്പത്തിക പരിമിതി കാരണം അയിത്തം പ്രഖ്യാപിക്കുകയേ നിർവാഹമുള്ളു. ഇന്നത്തെ സാധാരണ കോളേജുകളിൽ ഉള്ളതിനെക്കാളും ശോച്യാവസ്ഥയാണ് ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ഈ വരേണ്യ കോളേജുകളിൽ എന്നതാണ്സത്യം. □

(ദേശാഭിമാനി)

ഏർപ്പാടുകൾ. ഇതിന്നപ്പുറം വിധിയിലുള്ളത് ഏതാണെല്ലാം വിമർശനങ്ങളാണ്.

മഹനീയമായ ഒരാദർശം സാക്ഷാത്ക്കരിക്കാൻ, അല്ലെങ്കിൽ ലക്ഷ്യം നേടാൻ കൂട്ടായ പ്രവർത്തനം ആശവ്യമാണ്. ഒരു രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിന്നോ, സമൂഹത്തിൻെറ ക്ഷേമത്തിന്നോ, ഏതെങ്കിലും മട്ടിൽ പിന്നോക്കം നിൽക്കുന്നൊരു വിഭാഗത്തിൻെറ പുരോഗതിക്കോ വേണ്ടി കൂട്ടായ പ്രവർത്തനം വേണ്ടിവരുമ്പോൾ, അതിന്നായി അതാതു മണ്ഡലങ്ങളിൽ സംഘടനകൾ ഉണ്ടാകുന്നു. അവയുടെ പ്രവർത്തനത്തിന്നു പലതുംവേണം. കൂട്ടത്തിൽധനവും. സ്ഥാപനങ്ങൾ ധനികമാകുമ്പോൾ, ആ ധനത്തിൻെറ നിയന്ത്രണം ഭാരവാഹികളുടെ സ്ഥാപിതതാല്പര്യമായിത്തീരുന്നു. ഇവിടെയാണ് രണ്ടു തിൻമകളുടെ തുടക്കം—ഒന്ന്, കൂടുതൽ ധനം അർജിക്കാനുള്ള വ്യഗ്രത. മറെറാന്ന്, ആ ധനത്തിൻെറ നിയന്ത്രണം കൈയടക്കാനുള്ള ത്വര. രണ്ടും കൂടുമ്പോൾ സദാചാരപരതനശിക്കുന്നു, മാത്സര്യം വളരുന്നു. എസ്. എൻ. ട്രസ്ററിൽ സംഭവിച്ചിട്ടുള്ളത് ഇതാണെന്നു പറയുമ്പോൾ ഞങ്ങൾ ആരെയും ആക്ഷേപിക്കുകയല്ല, ഹൈക്കോടതിയുടെ അഭിപ്രായങ്ങളെ അങ്ങേയററം മിതമായി പരാമർശിക്കുക മാത്രമണു ചെയ്യുന്നത്. പേരെടുത്തു പറയുന്നതു രാഘവനെയാണെങ്കിലും മററു ട്രസ്ററിമാരെയും കോടതി വെറുതെ വിട്ടിട്ടില്ല. അവരും അന്യായ നടപടികളിൽ കക്ഷികളാണെന്നും അവരുടെ അറിവോടും അംഗീകാരത്തോടും കൂടിയാണ് കോഴവാങ്ങൽ നടന്നിട്ടുള്ളതെന്നും നിയമവിരുദ്ധവും രഹസ്യവുമായ പണമിടപാടുകൾക്കും കണക്കിൽ കാണുന്ന കൃത്രിമങ്ങൾക്കും എതിരായി അവരാരും അനങ്ങിയിട്ടില്ലെന്നും കോടതി എടുത്തുപറഞ്ഞിട്ടുണ്ട്.

കോടതി പറയുന്ന കാര്യങ്ങളോളം തന്നെ പ്രധാനമാണ്,ഈ വിധിയിലെ ഭാഷയുടെ രൂക്ഷത.ആ സമുന്നത നീതിപീഠത്തിൻെറ ധർമരോഷംഅതിൽ പ്രതിഫലിക്കുന്നു. ‘‘വിദ്യകൊണ്ടു പ്രബുദ്ധരാകുക’’ എന്ന് ശ്രീനാരായണഗുരുസൂക്തം പ്രതീകവും പ്രചോദനവുമാക്കി, സമൂഹത്തിൻെറ, വിശേഷിച്ച് അടിത്തട്ടിലുള്ളവരുടെ, വിദ്യാഭിവൃദ്ധിക്കുവേണ്ടി രൂപീകരിച്ച എസ്.എൻ. ട്രസ്ററുകൊണ്ട് സമൂഹത്തിൽ ഒട്ടേറെപ്പേർക്കു നേട്ടമുണ്ടായിട്ടുണ്ട്. അതുകൊണ്ടായില്ല. സാധാരണക്കാരിൽ നിന്നു പിടിയരിയും നാളികേരവും സംഭാവനയായി സ്വീകരിച്ചു കെട്ടിപ്പടുത്ത വിദ്യാലയങ്ങൾ ഇന്ന് പ്രവേശനത്തിന്നും നിയമനത്തിന്നും കോഴ വാങ്ങുന്നതുകൊണ്ട്, ആ സമൂഹത്തെത്തന്നെ ചൂഷണം ചെയ്യുന്ന അവസ്ഥ കോടതിയുടെ മനസ്സാക്ഷിയെ ഞെട്ടിക്കുന്നു. ഈ ഞെട്ടൽ ട്രസ്ററ് മാത്രം ശ്രദ്ധിക്കേണ്ട ഒന്നല്ല. ന്യൂനപക്ഷങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തിയും, ഇത്തരം ആനുകൂല്യങ്ങൾ ഒന്നുമില്ലാതെയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന സമൂഹങ്ങൾ ഇവിടെയുണ്ട്. അത്തരം ഏതാണ്ടെല്ലാ സ്ഥാപനങ്ങളുടെയും നില ഇതുതന്നെയാണ്. പണം കൊടുക്കാൻ കഴിവോ, കടം വാങ്ങിയെങ്കിലും കൊടുക്കാൻ സന്നദ്ധതയോ, ഉള്ള വർക്ക് ഉദ്യോഗം കിട്ടും. അത്തരക്കാരുടെ കുട്ടികൾക്കു പ്രവേശനവും കിട്ടും. ഉയർന്നുവരാൻ സമൂഹത്തിൻെറ കാരുണ്യത്തെയല്ലാതെ ഒന്നിനെയും ആശ്രയിക്കാനില്ലാത്ത പാവപ്പെട്ടവന് എന്നും അധോഗതി തന്നെ. ഇവിടെ വഞ്ചിക്കപ്പെടുന്നതു വ്യക്തികളല്ല, സമൂഹമാണ്; സമൂഹത്തിൻെറ സമുന്നതി കാംക്ഷിച്ച മഹാത്മാക്കളാണ്.

ഒരു വിദ്യാലയം തുടങ്ങാൻ, അല്ലെങ്കിൽ നിലവിലുള്ള ഒന്നു വികസിപ്പിക്കാൻ, വലിയ മൂലധനമൊന്നുമില്ലാത്ത ചില വിദ്യാലയസംരംഭകർ പണം പിരിക്കാറുണ്ട്. സംഭാവനയായും ജോലിക്കും പ്രവേശനത്തിനുള്ള പ്രതിഫലമായും ഇങ്ങനെ ധനം സംഭരിക്കാറുണ്ട്. അവർ ഓരോ പൈസക്കും കണക്കുവെച്ചു കെട്ടിടങ്ങൾ നിർമ്മിക്കുകയും വിദ്യാഭ്യാസോപകരണങ്ങൾ സംഭരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസരംഗത്തു സ്വകാര്യ സംരംഭങ്ങൾ ഒഴിവാക്കാനാവാത്തതുകൊണ്ട്, ഇത്തരം പ്രവർത്തനങ്ങൾ അനുവദനീയമാണ്. അഭിനന്ദനീയവുമാണ്. വിദ്യാലയം അതിൻെറ പൂർണവളർച്ചയിൽ എത്തിക്കഴിഞ്ഞാൽ, പിന്നെ ഈ പിരിവിനർത്ഥമില്ല; സർക്കാരിൻെറ അംഗീകാരവും സഹായവുമുള്ളതുകൊണ്ട്, ഇതനുവദനീയമല്ല. പണപ്പിരിവ്, ഒരു പരിധിക്കപ്പുറം, ഹൈക്കോടതി

എ കെ പി സി ടി എ
നിവേദനം

# തടഞ്ഞുവെച്ച ശമ്പളം നല്കണം

To
The Hon'ble Minister for Education, Government of Kerala, Thiruvananthapuram

Sir,

Sub : Denial of Salary to Teachers in private colleges regarding

We submit the following for your immediate cansideration and favourable orders.

A large number of private college teachers are denied of their salary since August 1991. In addition to that now the salary of a few number of teachers (put in more than 20 years of service) who are transferred from one college to another under the same management is denied by the various Deputy Directors of Collegiats Education. This is in connection with a letter issued by the Commissioner & Secretary, Highter Education on 20-6-1991 in which it was specified that the U G C work-load may be given effect from 13-3-1990. This was arbitary and has no force of law since the work-load, staff-pattern etc. are to be fixed by the Universities. It was also specified in the letter that excess hands if any, based on the calculation of 16 hrs a week, with retrospective effect may be deployed. As you are also aware except in the case of Corporate managnments, this is quite impractical. Surprisingly enough the Deputy Directors of Collegiate Education ordered for the witholding of salary of teachers whom they considered to be in excess, though there was no instruction to that effect in that letter. In this respect we may also point out the salary of not a single Government college teacher is withheld nor any Government College teacher relieved. Further the staff fixation is done on the basis of the work-load as on 1st November of the preceeding year.

We have brought to the notice of the Hon'ble Minister for Education this grave problem—denial of salary of College teachers many a time and res-

---

ചൂണ്ടിക്കാണിക്കുന്നതുപോലെ, വിദ്യാലയങ്ങളെ ചന്തകളും സൂപ്പർമാർക്കററുകളും ചൂഷണകേന്ദ്രങ്ങളും തട്ടിപ്പറി സ്ഥലങ്ങളും എല്ലാമാക്കിത്തീർക്കുന്നു. "പണമില്ലാതെ സ്ഥാപനങ്ങൾ മുന്നോട്ടുപോകില്ലെന്ന" വാദത്തിനു മറുപടിയായി "പണമില്ലാത്തതുകൊണ്ട്, അന്യായമായി പണം വാങ്ങാൻ പാടില്ല" എന്ന കോടതിയുടെ കല്പന വിദൂരസ്പർശിയാണ്. വഞ്ചിച്ചുണ്ടാക്കിയ പണംകൊണ്ടു വഞ്ചകരെ സൃഷ്ടിക്കാനേ കഴിയൂ. വിദ്യാഭ്യാസം സത്യസന്ധരും സംസ്കാര സമ്പന്നരും സേവനോൽസുകരും ധർമിഷ്ഠരുമായ പൗരന്മാരെ സൃഷ്ടിക്കാനാണ്. ഗുരുദേവൻ അരുളിച്ചെയ്ത 'പ്രബുദ്ധത' ഈ ഗുണങ്ങളുടെ സഞ്ചയമാണ്. അതുണ്ടാക്കാൻ പണത്തിന്റെ ഗൂഢമാർഗങ്ങൾ ഉതകില്ല.

(മുഖപ്രസംഗം-മാതൃഭൂമി, 1992 ആഗസ്റ്റ് 4)

orted to all democratic forms of agitation except general strike. In this connection we appreciate the fact that the Hon'ble Minister has taken certain steps to solve the issue but we regret to point out that till now the problem is not solved. Hence we request the Hon'ble Minister to issue immediate orders for payment of salary to all teachers whose regularisation/appointments are approved by the Universities.

Yours faithfully,

T. N. Raman Pillai,
General Secretary.

Thiruvananthapuram,
17-4-1992.

# യു.ജി.സി.: ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകർ

To

The Hon'ble Minister for Education,
Government of Kerala,
Thiruvananthapuram.

Sir,

Sub: Pay fixation as per U G C Scales of pay to physical Education teachers who come under the U G C Scheme and extending the benefits of U G C Scales of pay to those physical Education Teachers who do not come under the U G C Scheme (48%)

We would like to bring to your attention the following for your immediate consideration and favourable orders.

The U G C Scheme has been implemented in the State with effect from 1-1-1986. The Government of Kerala have issued orders on 9-4-1991 implementing the U G C Scheme to physical Education teachers with effect from 1-1-1986 as per G O (MS) No 87/91 H.Edn. But so far no physical education teacher has received the U G C Scales of pay.

All the benefits of the U G C Scheme have been extended to those teachers who do not come under the Scheme, as and when they complete 8 years of service, as per G. O. (MS) No. 76/90 H.Edn: dated 23-3-1990. But the physical education teachers who do not come under the U G C Scheme have not been given the benefits of the U G C scales of pay as and when they complete 8 years of service.

In view of the above we request you to issue orders to the effect that-

(1) pay fixation as per U G C Scales of pay may be effected to those physical education teachers who come under the U G C Scheme, and.

(2) To extend the benefits of U G C Scale to those physical education teachers who do not come under the U G C scheme as and when they complete 8 years of service.

Thanking you,

Yours faithfully,
General Secretary,
T. N. Raman Pillai

Thiruvananthapuram,
17-4-1992.

## AKPCTA
## നിവേദനങ്ങൾ

### യു.ജി.സി. ഇഞ്ചിനീയറിംഗ് കോളേജിൽ

To

The Hon: Minister for Education,
Government of Kerala,
Thiruvananthapuram.

Sub: Implementation of UGC Scheme to the Non-Engineering teachers in Private Engineering colleges-reg.

Sir,

We submit the following for your kind consideration and immediate orders.

The UGC Scheme has been implimented for all the college teachers in Kerala, including *Non-Engineering teachers in Government Engineering colleges*. Accorningly the Non-Engineering Teachers in Government Engineering colleges got their UGC pay fixed nearly one year back. But unfortunately the benefit of UGC scheme have not been given to the Non-Engineering teachers of private Engineering colleges. Though the Government have issued specific orders to the effect that "Teachers in humanity and science in private Engineering colleges in the state will be governed by UGC norms (vide para 22 of appendix)" as per Government order (p)No.81/90/H Edn, dated 27-3-90 (para six).

All the paper relating to the fixation of the UGC scales was prepared and submitted to the Director of Technical Education months back. On enquiry the Director of Technical Education says thet the Hon: Ministor for Education has stayed the implementation of the UGC scales of pay to the Non-engineering teachers of Private Engineering colleges and he pleads helpless.

In the circumstances we request kindly issue necessary orders to give the benefits of the UGC pay scales to the non-engineering teachers of private Engineering colleges with immediate effect.

Thanking you,

Yours faithfully,

(T.N. RAMANPILLAI)
General Secretary,
A K P C TA.

Thiruvananthpuram
19-3-82.

### യു.ജി.സി –NSS കോളേജുകളിലെ ഇംഗ്ലീഷ് അധ്യാപകരുടെ പ്രശ്നങ്ങൾ

To

The Hon'ble Minister of Education,
Government of Kerala,
Thiruvananthapuram.

Sir,

Sub: Teachers in English in Various N.S.S. Colleges-denial of U.G.C Scheme regarding

Ref. (1) Instruction from DCE dated:

(ii) Placement of teachers in the scheme dated:

(iii) Senioriey list of teachers in English in

## AKPCTA
## നിവേദനങ്ങൾ

N.S.S. Colleges-as on 30-11-1987.

As you are aware, the UGC scheme was implemented in Kerala with effect from 1-4-'90. As per the relevant Government order the teachers were divided in to two categories:

(i) roughly 52% coming under the scheme and

(ii) roughly 48% coming under the scale.

Placement of teachers under the scheme was based on seniority and the work load prevailing at that time. The N.S.S. Management submitted to the DCE the finalised Seniority list of teachers in English as on 30-11-87 for the purpose. On the basis of that Seniority list the DCE issued orders placing 85 (Eighty five) teachers in the scheme and the pay of those teachers was fixed in the UGC scales. In some colleges teachers started drawing their pay as per the revised UGC scales. At this stage Sri. V.N. Vikramapanicker of N.S.S. Hindu college, Changanassery filed an appeal regarding his seniority before the Vice-Chancellor of MahathmaGandhi University. The Vice-Chancellor of Mahathma Gandhi University as per a direction from the Hon'ble High Court, in this connection gave instructions to the N.S.S. Management to allot Sri. Vikramapanicker rank above those who were promoted/appointed Lecturers after 20-7-70. The N.S.S. Management, considering all similar cases, brought about a series of changes in the rank of teachers who were appointed or promoted lecturers after 20-7-70. But this revised seniority list was practically stayed by the Hon'ble High Court on the basis of a writ appeal filed by Sri. N. Muraleedharanpillai of N.S.S college, pandalam and Sri. T.R. Gopalakrishnan Nair of S.V.R. N.S.S. College, Vazhoor. The Hon'ble High Court directed the Mahathma Gandhi University not to accord approval for the said seniority list. It is evident that the dispute regarding seniority centres round those who were promoted or appointed Lectures after 20-7-70. It does not in any way affect the rank of senior teachers, ie. teachers who were appointed or promoted Lecturers prior to 20-7-70. The ranks of the affected teachers are as follews.

1 V.N. Vikrama Panicker—100—as on 30-11-87

2 N. Muraleedharan Pillai—61 „

3 T.R. Gopala Krishnan Nair—62 „

It is in this context that the DCE issued instructions not to allow the salary claims of teachers in the UGC scales. At the same time, the same DCE issued instructions to honour the claims of salary in the UGCscales of teachers in M.G.College, Thiruvananthapuram. Most of these teachers are far junior to many of the teachers who have been denied salary in the UGC scales.

It may also be noted that as per the Government order, UGC Scheme was implemented with effect from 1-1-1986 and scale with effect from 1-4-'90. A teacher with 16 years of experience will get the same amount of money by way

of pay and allowances with effect from 1-4-'90, whether he comes under the scheme or the scale. That means the dispute regarding seniority is relevant only to the arrears of salary for the period from 1-1-86 to 1-4-90.

It may further be noted that those teachers who come in the scale who are very junior in service including the complainant Sri. Vikrama Panicker have started drawing their salary in the UGC scales. That means the benefit of UGC scales is cruelly denied to the senior teachers whose seniority has never been challenged. They are now drawing salary in the state pay scales of 1983. This, needless to say, is gross injustice meted out to a section of senior teachers in English in the N.S.S.College for no fault of theirs.

The seriousness of the issue will be clear when you know that many teachers in N.S.S. Colleges who have retired from service and who come under the scheme have been denied the benefit of the scheme on account of a dispute which in no way affects them.

I therefore request you to issue orders directing the DCE to honour the salary claims in UGC Scheme of those Senior teachers in English in N.S.S. Colleges whose seniority is not challenged by any one and who are in no way affected by the present dispute raised by a comparatively junior teacher.

Copies of relevantoreders are enclosed for reference.

Yours faithfully,

(T.N.RAMAN PILLAI)
GENERAL SECRETARY.
AKPCTA.

Thiruvananthapuram.
13-04-1992.

## Note Submitted to the Hon. Minister for Education

Ref: G.O. (Rt) No. 1020/92/ H.Edn (B) dated 2,7.1992

1. According to the University Acts, workload in affiliated colleges is decided by the Universities. Owing to the implementation of the U.G.C scheme in the State, Kerala University has amended the Ordinance in accordance with the guide lines of the U.G.C. and submitted the same to the government months back. Wotkload in the affiliated collegas may be calculated as per this ordinance.

2. The workload may becalculated as per the amended Kerala University Ordinance and if there is any excess, they may be redeployed to other colleges having extra work load under the same corporate management in the same university area. (Transfer of a teacher from one University area to another is prohibited by section 64 of Kerala University and Calicut University Acts and Section 68 of M.G. University Act). After such redeployment if there is any excess, that shall be treated as supernumerary posts.

3. In the case of teachers who were appointed prior to 19-9-91 a minimum 55% marks in the P.G. course shall not be insisted since they were appointed as per the rules and their appointments approved by the Universities. They may be given a minimum period of two years to pass the eligibility test.

4. Teachers who were appointed after 13-3-90 but before 19-9-91 may be exempted from passing the eligibility test. There are some teachers whose appointments are regularised after 13-3-90 by shifting to the substantive posts. They may also be exempted from passing the eligibility test. The U.G.C. has already exempted those who possess M.phil or PhD. from passing the eligibility test. (Those who got M.Phil before 31-12-91 and Ph. D before 31-12-92).

5. Excess hands in colleges under the Corporate Managements may be redeployed in collegs under the same corporate managements within the same university area. After redeployment, if there is any exccess, that shall be treated as suyernumerary posts and no teacher shall be discharged from service

T.N. RAMAN PILLA.
General Secretaryl

6-7-1992.

## ഗവ: ഉത്തരവുകൾ

Higher Education-Implemention of UGC Scheme-Teachers appointed after the date of implemention of U G C Scheme-Regulation of appointment and payment of salary-moditication-orders issued.

HIGHER EDUCATION(B) DEPARTMENT
G. G. (Rt) No. 1080/92/H.Edn.
Thiruvananthapuram Dt. 15 7 92

Read: GO (Rt) No. 1020/92/ H.Edn.dt 2-7-92

ORDER

The orders contained in Clause (IV) of para 3 of the G.O. Read above are kept in abeyance pending further examination of the issue in all its aspects.

By Order of the Governor

T. N. Jayachandran
Commissioner & Secretary to Govt.

GOVERNMENT OP KERALA
FINANCE (RULES) DEPARTMENT
No.41932/R4/891Fin Dated, Trivandrum
13th July 1990

From

The Commissioner & Secretary to Govt., Finance Department.

To

The Director of public Instruction Trivandrum.

The Director of Collegiate Education, Trivandrum.

Sir,

Sub : General Education - Establishment - Eligibility to continue in service beyond the date of superannuation Regrding.

Ref : 1 Letter No.D3-123688/88DPI dated 21-3-1989
2 Letter No. Estt.A2/31210/89/Coll. Edn. dated

# 'Capitation fee cannot be charged'

The Supreme Court, in a significant judgment dealing with the right to education under a constitutional scheme ruled that "it is not permissible in law for any educational institution to charge capitation fee (by whatever name it is called) as a consideration for admission to the said institution."

Mr. Justice Kuldipsingh, who delivered the judgemet of the Bench, quashed paras 1 (d) and 1 (c) of the Karnataka State Government notification dated June 5, 1989,—which provide respectively, that "Indian students from outside Karnataka" admitted by private medical colleges in the State shall be charged tuition fee not exceeding Rs.60,000 each per annum and "Karnataka students" other than students admitted against Government seats shall be charged "tution fee" not exceeding Rs. 25,000 each per annum.

The Bench, which included Mr. Justice R. M. Sahai, also held that "there is no escape from the conclusion that charging of capitation fee in consideration of admissions to educational institutions is wholly arbitrary and as such infracts Article 14 of the Constitution" (equality before law).

The Bench pointed out that "the capitation fee brings to the fore a clear class basis. It enables the rich to take admssions whereas the poor has to withdraw due to financial inability. A poor student with better merit cannot get admission because he has no money whereas the rich can purchase the addmission. Such a treatment is patently unreasonable, unfair and unfit."

**Right to education**: The Bench also held that every citizen "has a right of education under the Constitution" and the State is under an obligation to establish educational institutions to enable the citizens to enjoy the said rights.

"The students are given admission to the educational institutions-whether State owned or State-recognised -in recognition of their "right to education under the Constitution," the Bench pointed out.

Charging capitation fee in consideration of admission to educational institutions. is a patent denial of a citizen's right to education under the Constitution, the Bench noted.

The Bench said as what was provided in paras 1 (d) and 1 (c) of the impu-

---

16-8-1989 and 13-12-1989.

Inviting your attention to the references, ited, I am directed to inform you that the teachers who are on leave on the date of superannuation can be retired from the date of superannuation, only if there is no prospect of their returning to duly before the close of the academic year.

Yours faithfully,
For COMMISSOINER & SECRETARY
(Finance)

gned notification was "capitattion fee and not a tution fee," the notification was "beyond the Act," namely Karnataka Educational Institution (Prohibiton of Capitation Fee) Act 1984-

"The object of the Act is to effectively curb the evil practice of collecting capitation fee for admitting students into educational institutions in Karnataka," the Bench pointed out.

The impugned notification was issued by the Karnataka Goverment under Section 5 of the Act which authorises the Government to regulate tution fees by way of a notification."

The Bench commented that whatever name one might give to this type of extraction of money in the name of medical education "it is nothing but capitation fee".

If the State Government fixed Rs-2,000 per annum as tution fee in "Government colleges" and for Government seats" in private medical college then "it is the State's responsibility to see that any private college which has been set up with Government permission and is being run with Government recognition is prohibited from charging more than Rs-2,000 from any student who may be a resident of any part of India."

The Bench was disposing of a writ petition from a woman student hailing from Meerut (near Delhi) challenging the Karnataka Government notification as she was denied admission into a private medical college because of an exorbitant annual fee of Rs. 60,000

The Bench in its judgement, however, made it clear the "nothing contaided in this judgment shall be applicable to the cases of foreign students who are non-resident Indians".

The Bench also held that "this judgment shall be operative prospectively"

The Bench held that all those students who have already been admitted to the private medical colleges in the State of Karnataka in terms of the impugned notification "shall not be entitled to the advantage of this judgment and they shall continue their studies on the same terms and conditions on which they were admitted to the consolidated MBBS course."

**No relief to petitioner:** The Bench was not inclined to give any relief to the petitioner as she was "not admitted to the college on merit" and also the course commenced in March– April. 1991. As such, the Bench said, there was no justification to direct private medical college concerned to admit the petitioner.

The Bench also held that "the right to education flows directly from right to life" under Article 21 of the Constitution, as "dignit y" of an individual cannot be assumed unless it is accompanied by right to education.

The State is under an obligation, the Bench also held, to make an endeavour to provide educational facilities at all levels to its citizens.

(The Hindu) □

# ചോദ്യോത്തര പംക്തി

പി. ഹരിദാസൻ, സെക്രട്ടറി, എ.കെ.പി.സി.ടി.എ

ഷറഫുദിൻ, തൃശൂർ

ചോദ്യം: ഇരുപതുവർഷം സർവ്വീസുള്ള ഒരു കോളേജദ്ധ്യാപകനാണു ഞാൻ. എന്റെ സംശയം ഇതാണ്. എന്റെ വീട്ടിൽ കൂടെ താമസിക്കുന്ന കുടുംബാംഗങ്ങൾക്കാർക്കെങ്കിലും ഏതെങ്കിലും പകർച്ചവ്യാധി പിടിപെട്ടാൽ എനിക്ക് ലീവു കിട്ടുമോ. എന്തുതരം ലീവാണുകിട്ടുക. അതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ്?

ഉത്തരം: സ്വകാര്യ കോളേജദ്ധ്യാപകരായ നമുക്ക് അവധി അനുവദിക്കുന്നത് കെ. എസ്. ആറിലെ ചട്ടങ്ങൾക്കു വിധേയമായിട്ടാണ്. താങ്കളുടെ വീട്ടിൽ കൂടെ താമസിക്കുന്ന ഏററവും അടുത്ത ബന്ധുക്കൾക്കാർക്കെങ്കിലും താഴെ പ്പറയുന്ന ഏതെങ്കിലും പകർച്ചവ്യാധി പിടിപെട്ടതായി ഒരു മെഡിക്കൽ ഓഫീസറുടെയോ, പൊതുജനാരോഗ്യവകുപ്പിലെ അർഹനായ ഒരു ഉദ്യോഗസ്ഥന്റെയോ സർട്ടിഫിക്കററ് ഹാജരാക്കിയാൽ താങ്കൾക്ക് സാധാരണഗതിയിൽ 21 ദിവസത്തേയ്ക്കും, പ്രത്യേക സാഹചര്യത്തിൽ 30 ദിവസംവരേയും സ്പെഷ്യൽ കാഷ്വൽ ലീവ് ലഭിക്കും.

പകർച്ചവ്യാധികൾ
1 Small Pox
2 Plague
3 Cholera
4 Typhoid
5 Acute Influenzal Pneumonia
6 Diphtheria
7 Cerebro Spinal Meningitis

എന്നാൽ താങ്കൾക്കുതന്നെയാണു രോഗം പിടിപെടുന്നതെങ്കിൽ മേൽപറഞ്ഞ സ്പെഷ്യൽ കാഷ്വൽ ലീവ് ലഭിക്കുന്നതല്ല; അർഹമായ മററവധികൾ എടുക്കേണ്ടതാണ്. ഈ സ്പെഷ്യൽ കാഷ്വൽ ലീവിന് സാധാരണ കാഷ്വൽ ലീവുമായി യാതൊരു ബന്ധവും ഇല്ല. എന്നാൽ ഇത് മററു ലീവുകളോടോ, കാഷ്വൽ ലീവിനോടുതന്നെയോ ചേർത്തെടുക്കുന്നതിൽ വിരോധമില്ല [K S R Part 1, APPENDIX VII, SECTION-II]

Rajan. K. Kottayam

QUESTION I am a Physically handicapped person employed in a private college. It is said that there are some concessions allowed to such persons I would like to know the details. The details of my salary are given below:-

| | |
|---|---|
| Annual salary including all allowances | 76500 |
| Savings- (PF, LIC, FBS, GI) | Rs 16300 |
| Tax on employment | Rs 200 |

Residential accommodation owned by me

*Answer*: According to sec 80U of the Income Tax Act, 1961 a deduction of Rs 20000 is allowed to a resident individual suffering from permanent physical disability or total blindness or partial blindness or mental retardation reducing his capacity substantialy for gainful employment.

The extent of blindness or other physical disability has to be certified by a registered medical practitioner of the concerned discipline.

Such Certificate has to be obtained from a physician, surgeon, oculist or a psychiatrist, working in a Government hospital. However if you have already furnished a, Certificate in an earlier year, the same shall be valid for the assessment year 1992–93 and subsequent years.

Any of the following disabilities shall be regarded as a permanent physical disability, namely:-

(a) permanent physical disablity of more than 50 percent in one limb OR

(b) Permanent Physical disability of more than 60 percent in two or more limbs OR

(c Permanent deafness with hearing impairment of 71 decibels and above OR

(d) Permanent and total loss of Voice

(ii) a person shall be regarded as suffering from mental retardation if his Intelligent quotient is less than 50 on a test with a mean of 100 and a standard deviation of 15, such as the Wechsle Scale.

(iii) blindness shall be regarded as a permanent physical disability if it is incurable and falls in any one of the Categories Specified below namely:-

All with Corrections

Better eye

(a) 6/60-4/60 or Field of Vision 110-20
(b) 3/60-1/60 or Field of vision 100
(c) F. C at 1 foot to Nil or Field of vision 100
(d) Total absence of Sight

Worse eye

3/60 to Nil

F.C at 1 foot to nil

F.C at 1 foot to nil or Field of vision 100

Total absence of sight

If your physical disability falls under any of the above categories you are eligible to get a deduction of Rs. 20000 from your gross total income (PY 92-93 AY 93-94.)

| | Rs. |
|---|---|
| Total Salary income | 76500 |
| Less Standard deduction | 12000 |
| Gross income | 64500 |
| Less Tax on employment | 200 |
| Balance | 64300 |
| Less Deduction U/S 80u | Rs. 20000 |
| Taxable income | Rs. 44300 |
| Income Tax | Rs. 3260 |
| Less Rebate on Savings | |
| $16300 \times \frac{20}{100} =$ | Rs. 3260 |
| Tax to be paid | NIL |

പി.സി. ബോസ്. കൊല്ലം.

ചോദ്യം : 92 ജൂലൈ ലക്കം ജേണലിൽ ആദായ നികുതി പ്ലാൻചെയ്യുന്നതിനെക്കുറിച്ച് താങ്കൾ വിശദീകരിച്ചിരുന്നല്ലോ, ഭാവിയിൽ ലഭിക്കാനിടയുള്ള ഇൻക്രിമെൻറും, ക്ഷാമബത്തയും കൂടി കണക്കിലെടുത്തുവേണം പ്ലാനിംഗ് നടത്താനെന്നും സൂചിപ്പിച്ചിരുന്നു. 1-1-92 മുതൽ കേന്ദ്രസർക്കാർ ജീവനക്കാർക്കനുവദിച്ച ഒരു ഗഡു ഡി. എ നമുക്കിപ്പോൾ കുടിശ്ശികയാണല്ലോ. അത് ഉത്തരവാകുമ്പോൾ വ്യത്യസ്ത ശമ്പളനിരക്കിലുള്ളവർക്ക് എത്രമാത്രം ഡി. എ. ലഭിക്കുമെന്നറിയിച്ചാൽ കൊള്ളാം.

(2) കേന്ദ്രസർക്കാർ ജീവനക്കാരുടെ കാര്യത്തിൽ 3500 രൂപയിൽ കൂടുതൽ ശമ്പളമുള്ളവർക്ക് ഇപ്പോൾ ഡി. എ. ലഭിക്കുന്നില്ലേ? എങ്കിൽ അത് ഏത് രീതിയിലാണ്? തുക മുഴുവൻ പി. എഫിൽ ലയിപ്പിക്കുകയാണോ? വിശദമായ മറുപടി ലഭിക്കുമല്ലോ.


ഉത്തരം: കഴിഞ്ഞ ലക്കം ജേണലിൽ സൂചിപ്പിച്ചതുപോലെ, ആദായനികുതി പ്ലാൻ ചെയ്യുന്നത് ഈ സാമ്പത്തികവർഷം (3/92 മുതൽ 2/93 വരെ) ലഭിക്കാനിടയുള്ള ശമ്പളത്തിന്റേയും, മററലവൻസുകളുടേയും അടിസ്ഥാനത്തിൽ ആയിരിക്കണം. ഈ വർഷം ലഭിക്കാനിടയുള്ള ഇംക്രിമെൻറ്, ഡി. എ, ഫെസ്ററിവൽ അലവൻസ് എന്നിവ കണക്കിലെടുക്കണം, കേന്ദ്രസർക്കാർ ജീവനക്കാർക്ക് 1-1-92 മുതൽ ലഭിച്ച ഒരു ഗഡു ക്ഷാമബത്ത കേരള സർക്കാർ നൽകേണ്ടതായുണ്ട്. അതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. സൗകര്യത്തിനുവേണ്ടി ഒരു പട്ടികയും തയ്യാറാക്കി നൽകിയിട്ടുണ്ട്.

1-1-92 മുതൽ ലഭിക്കേണ്ട ഡി. എ.
ശമ്പളം 3500 രൂപവരെ 71%
ശമ്പളം 3501 രൂ മുതൽ 6000 രൂപവരെ 53% (ചുരുങ്ങിയത് 2485 രൂപ) ശമ്പളം 6001 രൂപയോ അതിൽ കൂടുതലോ 46% (ചുരുങ്ങിയത് 3180 രൂപ) 1-1-92 മുതൽ ലഭിക്കേണ്ട ഡി. എ.

## TABLE

| U.G.C. SCALES | | U.G.C. SCALES | | U.G.C. SCALES | | STATE SCALES | |
|---|---|---|---|---|---|---|---|
| PAY Rs | DA Rs | PAY Rs | DA Rs | PAY Rs | DA Rs | PAY Rs | DA Rs |
| 2200 | 1562 | 3950 | 2485 | 5250 | 2783 | 1910 | 1356 |
| 2275 | 1615 | 4000 | 2485 | 5400 | 2862 | 1990 | 1413 |
| 2350 | 1669 | 4075 | 2485 | 5550 | 2942 | 2070 | 1470 |
| 2425 | 1722 | 4125 | 2485 | 5700 | 3021 | 2150 | 1527 |
| 2500 | 1775 | 4200 | 2485 | 5900 | 3127 | 2230 | 1583 |
| 2575 | 1828 | 4250 | 2485 | 6100 | 3180 | 2310 | 1640 |
| 2650 | 1882 | 4325 | 2485 | 6300 | 3180 | 2390 | 1697 |
| 2725 | 1935 | 4375 | 2485 | 6500 | 3180 | 2470 | 1754 |
| 2800 | 1988 | 4450 | 2485 | 6700 | 3180 | 2555 | 1814 |
| 2900 | 2059 | 4500 | 2485 | 6900 | 3180 | 2640 | 1874 |
| 3000 | 2130 | 4575 | 2485 | 7100 | 3266 | 2725 | 1935 |
| 3100 | 2201 | 4625 | 2485 | 7300 | 3358 | 2825 | 2006 |
| 3200 | 2272 | 4650 | 2485 | STATE | SCALES | 2925 | 2077 |
| 3300 | 2343 | 4700 | 2491 | 1450 | 1030 | 3050 | 2166 |
| 3400 | 2414 | 4750 | 2518 | 1490 | 1058 | 3175 | 2254 |
| 3500 | 2485 | 4800 | 2544 | 1530 | 1086 | 3300 | 2343 |
| 3625 | 2485 | 4825 | 2557 | 1590 | 1129 | 3425 | 2432 |
| 3700 | 2485 | 4875 | 2584 | 1650 | 1172 | 3550 | 2485 |
| 3750 | 2485 | 4950 | 2624 | 1710 | 1214 | 3675 | 2485 |
| 3825 | 2485 | 5000 | 2650 | 1770 | 1257 | 3815 | 2485 |
| 3875 | 2485 | 5100 | 2703 | 1830 | 1299 | | |

# മാത്യുകുര്യന് ഡോക്ടറേററ്



കോട്ടയം ബസേലിയസ് കോളേജിലെ ഇക്കണോമിക്സ് അധ്യാപകൻ പ്രൊഫ. വി. മാത്യു കുര്യന് കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു.

എകെപിസിടിഎയുടെ സജീവ പ്രവർത്തകനാണ് പ്രൊഫ. കുര്യൻ.

---

(2) കേന്ദ്രസർക്കാർ ജീവനക്കാരുടെ കാര്യത്തിൽ 3500 രൂപയിൽ കൂടുതൽ ശമ്പളം ഉള്ളവർക്കും ഡി. എ. ലഭിക്കുന്നുണ്ട്, എന്നാൽ അത് രൊക്കം പണമായല്ല ലഭിക്കുന്നത്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ 1-7-90 മുതൽ വർദ്ധിപ്പിച്ചുവരുന്ന ഡി. എ. മുഴുവൻ പി എഫിൽ ലയിപ്പിച്ച് വരുകയാണു ചെയ്യുന്നത്, എന്നാൽ കേരള സർക്കാർ 1-7-91 മുതൽ ഡി. എ പുതുക്കിയപ്പോൾ 3500 രൂപയ്ക്കു മുകളിൽ ശമ്പളം പററുന്നവരുടെ ഡി. എ പുതുക്കിയില്ല. എന്നാൽ 1-1-92 മുതൽ കുടിശ്ശികയായിട്ടുള്ള ക്ഷാമബത്ത ഉത്തരവാകുമ്പോൾ ഇവർക്കുകൂടി അതു നൽകണമെന്നും രൊക്കം പണമായിതന്നെ നൽകണമെന്നും നാം ആവശ്യപ്പെടുന്നു. അതിനുവേണ്ടിയുള്ള ഉത്തരവ് താമസിയാതെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. □

# പ്രൊഫ. ശാന്തകുമാരി വിരമിച്ചു



നാട്ടിക എസ്. എൻ. കോളേജ് സുവോളജി പ്രൊഫസർ ശാന്തകുമാരി സർവ്വീസിൽ നിന്നും വിരമിച്ചു.

എകെപിസിടിഎയുടെ സജീവാംഗമായിരുന്നു പ്രൊഫ. ശാന്തകുമാരി

## ബ്രാഞ്ച് സെക്രട്ടറിമാർ ശ്രദ്ധിക്കുക

എകെപിസിടിഎ മെമ്പർഷിപ്പു പ്രവർത്തനം പൂർത്തിയാക്കിയിരിക്കുമല്ലോ.

വരിസംഖ്യ ട്രഷറുടെ പേർക്ക് അയയ്ക്കണം. ഡി.ഡി. ആയി അയയ്ക്കുക. (D/D. Treasurer, All Kerala Private College Teachers Association എന്ന പേരിൽ)

ട്രഷറുടെ വിലാസം:

പ്രൊഫ. സി. ജെ. ശിവശങ്കരൻ
മഞ്ജുഷ
പേഷ്കാർ റോഡ്,
ഇരിങ്ങാലക്കുട 680121.

# ജില്ലകളിൽനിന്ന്

## കോട്ടയം - ഇടുക്കി

കോളേജധ്യാപകർ ഇന്നു നേരിടുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പണിമുടക്കംപ്പെടെയുള്ളസമര മാർഗ്ഗങ്ങൾ അനിവാര്യമാണെന്ന് എകെപിസിടിഎ കോട്ടയം—ഇടുക്കി ജില്ലാ കൗൺസിൽ യോഗം അഭിപ്രായപ്പെട്ടു. ജൂലൈ 6ന് കൂടിയ യോഗത്തിൽ പ്രസിഡൻറ് പ്രൊഫ. ഇ. പി. മാത്യു അധ്യക്ഷനായിരുന്നു. സംസ്ഥാന പ്രസിഡൻറ് പ്രൊഫ. ജോർജ് സെബാസ്ററ്യൻ, ജനറൽ സെക്രട്ടറി പ്രൊഫ. ടി. എൻ. രാമൻപിള്ള, പ്രവർത്തകസമിതിയംഗം പ്രൊഫ. അന്നമ്മവർഗ്ഗീസ് എന്നിവർയോഗത്തിൽപങ്കെടുത്തിരുന്നു. പ്രവർത്തകസമിതി തീരുമാനങ്ങൾ ജില്ലാ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻ നായർ റിപ്പോർട്ടു ചെയ്തു. 2-7-92ലെ സർക്കാർ ഉത്തരവിനെ തുടർന്ന് പണിമുടക്കാൻ സംഘടന എടുത്ത തീരുമാനം അതേപടി നിലനില്ക്കുന്നു. എന്നാൽ സർക്കാർഉത്തരവിലെ പിരിച്ചുവിടൽ ഭാഗം തല്ക്കാലം മാററിയിട്ടുണ്ട്. തടഞ്ഞുവച്ച ശമ്പളം വിതരണം ചെയ്യുന്നതിന് ചില വാക്കാൽ നിർദ്ദേശങ്ങളും ആയിട്ടുണ്ട്. ഇക്കാര്യങ്ങൾ കൂടി പരിശോധിച്ച് അനിവാര്യമെങ്കിൽ സംഘടന സമരം പ്രഖ്യാപിക്കുന്നതാണ്.

ഡി. ററി. ഫ്രാൻസിസ് (പാല), ററി. ജെ. ജോസ് (മാന്നാനം), ജയിംസ് ഫിലിപ്പ് (കുറവിലങ്ങാട്), ഐസക് പി. എബ്രഹാം (പാമ്പാടി), കെ. പി. ജോർജ് (മണർകാട്), കെ. മാത്യു (ബസേലിയസ്), സക്കറിയ ഉമ്മൻ (സി എം എസ്) കെ. ജെ. ജോർജ് (കാഞ്ഞിരപ്പള്ളി) എം. എം. മാത്യു (തൊടുപുഴ) എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

ആഗസ്ററ് 31നകം മെമ്പർഷിപ്പു പ്രവർത്തനം പൂർത്തിയാക്കാൻ തീരുമാനിച്ചു. ജേർണൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കും. കെട്ടിട ഫണ്ടിൻെറ ബാക്കി തുക ഉടൻ നല്കാനും തീരുമാനിച്ചു.

അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് ജനറൽസെക്രട്ടറിമറുപടി പറഞ്ഞു. സർക്കാരും സർവ്വകലാശാലയും, അധ്യാപകരും ഒന്നിച്ചിരുന്നു ചർച്ച ചെയ്തു പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. മിക്ക കാര്യങ്ങളിലും തീരുമാനമാകാതിരിക്കയും പുതിയ പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യത്തിൽ സർക്കാരിൻെറ വികലമായ ഈ നയത്തിനെതിരേ ഏതു സമയത്തും സമരപ്രഖ്യാപനമുണ്ടാകാമെന്നും അംഗങ്ങൾ സജ്ജരായിരിക്കണമെന്നും സെക്രട്ടറി അറിയിച്ചു.

**-പ്രൊഫ. കെ. സദാശിവൻനായർ**

ജില്ലാ സെക്രട്ടറി

എ.കെ.പി.സി.ററി.എ.
സ്റേററ് കമ്മററി ഓഫീസ്
അംബുജവിലാസം റോഡ്
തിരുവനന്തപുരം.

# ആർ.ആർ.സി. ഫണ്ട് വിജയിപ്പിക്കുക

പ്രൈവററ് കോളേജധ്യാപക സമൂഹത്തിനു വേണ്ടി ജീവിതം സമർപ്പിച്ചവരിൽ പ്രധാനിയായിരുന്നു പ്രൊഫസർ ആർ. രാമചന്ദ്രൻനായർ. മെച്ചപ്പെട്ട വേതനം, നിയമാധിഷ്ഠിത സേവന ഭദ്രത, സാമൂഹ്യാംഗീകാരം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി 1958ൽ എ.കെ.പി.സി.ററി.എ. രൂപം കൊണ്ടതുമുതൽ അദ്ദേഹം സംഘടനയുടെ മുന്നണി പോരാളിയായി. അദ്ധ്യാപകരെ അടിമകളായി കണ്ടിരുന്ന മാനേജ്മെൻറിനെതിരേ അതിശക്തമായ സമരങ്ങളാണ് ആർ.ആർ.സി.യുടെ നേതൃത്വത്തിൽ ഉയർന്നുവന്നത്. തോന്നുമ്പോൾ പിരിച്ചുവിടുകയും ഇഷ്ടമുള്ള ശമ്പളം നൽകുകയും, ഇഷ്ടംപോലെ സ്ഥലം മാററുകയും ചെയ്തിരുന്ന മാനേജർക്ക് ഇന്ന് അതിനൊന്നും കഴിയില്ല.

സർക്കാരിൽ നിന്നു നേരിട്ടു ശമ്പളം, മെച്ചപ്പെട്ട സേവനവ്യവസ്ഥ, യു.ജി.സി. ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ നിരവധി നേട്ടങ്ങൾ നമുക്കു ലഭിച്ചത് മൂന്ന് പതിററാണ്ടുകാലത്തെ അവകാശസമരങ്ങളിലൂടെയാണ്. ഈ സമരങ്ങൾ നടത്തിയത് എ.കെ.പി.സി.ററി.എ എന്ന മഹത്തായ അദ്ധ്യാപക പ്രസ്ഥാനമാണ്. ഈ സംഘടനയ്ക്ക് നെടുനാളായി ധീരോദാത്തവും, ത്യാഗോജ്ജ്വലവുമായ നേതൃത്വം വഹിച്ചവരിൽ പ്രധാനിയാണ് ആർ. ആർ. സി. നമ്മുടെ സംഘടനയിൽ ഗുണപരമായ മാററത്തിനു വേണ്ടിയും, ശരിയായ ദിശാബോധം ഉണ്ടാക്കുന്നതിനും അകത്തുനിന്നും പുറത്തുനിന്നും ഉയർന്ന എതിർപ്പുകളെ ഉറച്ചുനിന്ന് നേരിട്ട വിജയം വരിച്ച സ്നേഹധനനായ നേതാവാണ് പ്രിയങ്കരനായ ആർ. ആർ. സി.

ആർ. ആർ. സി. ഇന്ന് നമ്മോടൊപ്പമില്ല. സ്വന്തം ജീവിതവും കുടുംബവും മറന്ന് സംഘടനയ്ക്കുവേണ്ടി നടത്തിയ പ്രവർത്തനം മാതൃകാപരമാണ്. അദ്ദേഹത്തിൻെറ കുടുംബത്തെ സംരക്ഷിക്കേണ്ട ചുമതല ഓരോ അദ്ധ്യാപകനുമുണ്ട്. കോളേജദ്ധ്യാപകൻെറ മോചനത്തിനു വേണ്ടി ജീവിതാന്ത്യംവരെ പ്രവർത്തിച്ച ആർ. ആർ. സി. യുടെ കുടുംബം സാമ്പത്തിക പരാധീനത അനുഭവിക്കാൻ അനുവദിച്ചുകൂട.

ഈ സാഹചര്യത്തിലാണ് എ.കെ.പി. സി. ടി. എ. സംസ്ഥാന കൗൺസിൽ ചുമതലപ്പെടുത്തിയതനുസരിച്ച് അദ്ധ്യാപകരിൽ നിന്നും സംഭാവന സ്വീകരിച്ച് ഒരു ഫണ്ട് ആർ.ആർ.സി.യുടെ കുടുംബത്തിനു നൽകണമെന്ന് പ്രവർത്തക സമിതി തീരുമാനിച്ചത്. ഇതിനായി ഒരു കമ്മററിയും രൂപീകരിച്ചിട്ടുണ്ട്. സംഭാവനകൾ കമ്മററി കൺവീനറുടെ പേർക്ക് (വിലാസം താഴെ) ഡി. ഡി. ആയി അയയ്ക്കണം. ഒരുലക്ഷം രൂപയിൽ കുറയാത്ത സംഖ്യ നൽകാനാണ് തീരുമാനം.

ആർ. ആർ. സി. അന്തരിച്ചിട്ട് ഒരു വർഷം തികയുന്നത് വരുന്ന ഡിസംബർ 4 നാണ്. അതിനുമുൻപ് ഫണ്ടു പിരിവ് പൂർത്തയാക്കി ഈ സംരംഭം വിജയിപ്പിക്കണമെന്ന് ഓരോ അംഗത്തോടും അഭ്യർത്ഥിക്കുന്നു. എല്ലാ അദ്ധ്യാപകരുടെയും സഹായ സഹകരണങ്ങൾ സാദരം പ്രതീക്ഷിച്ചുകൊണ്ട്

പ്രൊഫ. കെ. സദാശിവൻനായർ
കൺവീനർ
ആർ. ആർ. സി. ഫണ്ടുകമ്മററി.

കോട്ടയം
14.9–'92

Prof. K. Sadasivan Nair
Archana,
Old Seminary Road,
Chungom, Kot ayam.